# പൊതുപ്രാർത്ഥനകൾ

1. പൊതുപ്രാർഥനകൾ ഓരോന്നിലും, സൗകര്യാർഥം വിവിധ ദിവ്യപൂജ കൾ എല്ലാ ഭാഗങ്ങളോടുംകൂടെ, അതായത്, പ്രഭണിതങ്ങളും പ്രാർഥനക ളും കൊടുത്തിരിക്കുന്നു.

സന്ദർഭോചിതമായി, പുരോഹിതന്, അജപാലന കാരണങ്ങളാൽ, കൂടുതൽ ഉചിതമായിക്കാണുന്ന പ്രാർഥനകൾ തിരഞ്ഞെടുത്ത്, ഒരേ പൊതു പ്രാർഥനയിൽനിന്ന് പ്രഭണിതങ്ങളും പ്രാർഥനകളും ഉപയോഗിക്കാവുന്ന താണ്.

കൂടാതെ, സ്മരണ ദിവ്യപൂജകളിൽ, നൈവേദ്യപ്രാർഥനയും ദിവ്യ ഭോജനപ്രാർഥനയും പൊതുപ്രാർഥനകളിൽനിന്നോ അതതു കാലത്തുള്ള ഇടദിവസങ്ങളിലെ പ്രാർഥനകളിൽനിന്നോ എടുക്കാവുന്നതാണ്.

2. രക്തസാക്ഷികളുടെയും വിശുദ്ധരുടെയും പൊതുപ്രാർഥനകൾ, വിശുദ്ധ ന്മാർക്കും വിശുദ്ധകൾക്കും പ്രത്യേകം കൊടുത്തിട്ടുള്ളവ, ആവശ്യമായ ഭേദ ഗതികളോടെ പരസ്പരം മാറ്റി ഉപയോഗിക്കാവുന്നതാണ്.

3. ഓരോ പൊതുപ്രാർഥനയിലും, ഏകവചനത്തിലുള്ള പ്രാർഥനാരൂപങ്ങൾ, സന്ദർഭോചിതം, ബഹുവചനത്തിലും ബഹുവചനത്തിലുള്ളവ സന്ദർഭോ ചിതം ഏകവചനത്തിലും ഉപയോഗിക്കാവുന്നതാണ്.

4. പ്രത്യേക കാലയളവിലോ പ്രത്യേക അവസരങ്ങളിലോ നല്കിയിട്ടുള്ളവ അതത് അവസരങ്ങളിൽമാത്രം ഉപയോഗിക്കുന്നു.

# ദൈവാലയപ്രതിഷ്ഠയുടെ പൊതുപ്രാർഥനകൾ

ദൈവാലയ പ്രതിഷ്ഠയുടെയും അൾത്താരപ്രതിഷ്ഠയുടെയും ദിവ്യ പൂജാ പ്രാർഥനകൾ കർമാനുഷ്ഠാനപൂജയിൽ കാണാവുന്നതാണ്, (p).

## പ്രതിഷ്ഠയുടെ വാർഷികം

### 1. പ്രതിഷ്ഠനടന്ന ദൈവാലയത്തിൽ

**പ്രവേശകപ്രഭണിതം** **സങ്കീ 67, 36**

ദൈവമേ, അങ്ങേ വിശുദ്ധമന്ദിരത്തിൽ അങ്ങ് മഹത്ത്വപൂർണനാണ്! ഇസ്രായേലിന്റെ ദൈവംതന്നെ തന്റെ ജനത്തിനു ശക്തിയും ധൈര്യവും നല്കുന്നു. ദൈവം വാഴ്ത്തപ്പെടട്ടെ!
(പെസഹാക്കാലത്ത്, അല്ലേലൂയാ)

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, ആണ്ടുതോറും അങ്ങേ ഈ വിശുദ്ധാലയത്തിന്റെ പ്രതിഷ്ഠാദിനം ഞങ്ങൾക്കായി അങ്ങ് നവീകരിക്കുന്നുവല്ലോ. അങ്ങേ ജനത്തിന്റെ പ്രാർഥനകൾ ശ്രവിക്കുകയും ഈ പ്രതിഷ്ഠ ഇവിടെ അങ്ങേക്ക് എപ്പോഴും പരിശുദ്ധമായ ശുശ്രൂഷയും ഞങ്ങൾക്ക് പരിത്രാണത്തിന്റെ പൂർണതയും ആകാൻ കൃപയരുളുകയുംചെയ്യണമേ. അങ്ങയോടുകൂടെ...

വിശ്വാസപ്രമാണം ചൊല്ലുന്നു.

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ഭവനം മഹത്ത്വവും വിശുദ്ധിയുംകൊണ്ടു നിറയ്ക്കാൻ അങ്ങ് തിരുവുള്ളമായ ഈ ദിനം അനുസ്മരിച്ചുകൊണ്ട്, ഞങ്ങളെത്തന്നെ സദാ അങ്ങേക്കു സ്വീകാര്യമായ ബലിവസ്തുക്കളാക്കിത്തീർക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

ആമുഖഗീതി: സഭയാകുന്ന ദൈവാലയത്തിന്റെ രഹസ്യം.

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, ഞങ്ങൾ പണിതുയർത്താൻ അങ്ങ് തിരുമനസ്സായ ദൃശ്യമായ ഈ ഭവനത്തിൽ, അങ്ങിലേക്ക് തീർഥാടനം ചെയ്യുന്ന കുടുംബങ്ങളെ സഹായിക്കുന്നതിൽ അങ്ങ് ഒരിക്കലും വിരമിക്കാത്ത ഈ സ്ഥലത്ത് അങ്ങയോടൊപ്പമുള്ള ഞങ്ങളുടെ സംസർഗത്തിന്റെ രഹസ്യം അദ്ഭുതകരമാംവിധം അങ്ങ് പ്രകടമാക്കുകയും നിവർത്തിക്കുകയും ചെയ്യുന്നല്ലോ.

**ഇ**വിടെ, അങ്ങേക്കുവേണ്ടി ഞങ്ങളാകുന്ന ഭവനം അങ്ങ് പണിയുകയും ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന സഭയെ, സ്വർഗീയനഗരമായ ജറുസലേമിൽ, സമാധാനത്തിന്റെ ദർശനത്തിൽ പൂർത്തീകരിക്കപ്പെടുന്നതുവരെ, കർത്താവിന്റെ ശരീരത്തിലേക്ക് ഒന്നായി വളരാൻ ഇടയാക്കുകയും ചെയ്യുന്നു.

**ആ**കയാൽ, വിശുദ്ധഗണങ്ങളോടുചേർന്ന്, അങ്ങേ മഹത്ത്വത്തിന്റെ ആലയത്തിൽ, ഇപ്രകാരം പ്രകീർത്തിച്ചുകൊണ്ട് ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും വാഴ്ത്തിപ്പുകഴ്ത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **Cf.1 കോറി 3, 16-17**

നിങ്ങൾ ദൈവത്തിന്റെ ആലയമാണ്; ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു. ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്; അത് നിങ്ങൾതന്നെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ വിശുദ്ധജനം, അങ്ങേ അനുഗ്രഹത്തിന്റെ ഫലവും സന്തോഷവും സ്വീകരിക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഈ തിരുനാളിൽ, ശാരീരിക ശുശ്രൂഷയാൽ പ്രകടമാക്കിയത് അവർക്ക് ആത്മീയമായി സംലബ്ധമാകുന്നത് അനുഭവിക്കുമാറാകട്ടെ. കർത്താവായ...

**ദിവ്യപൂജസമാപനാശീർവാദം**

ഇന്ന് ഈ ഭവനത്തിന്റെ പ്രതിഷ്ഠാപനത്തിന്റെ സ്മരണാഘോഷത്തിൽ നിങ്ങളെ ഒരുമിച്ചുകൂട്ടിയ സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ ദൈവം സ്വർഗീയാനുഗ്രഹങ്ങളാൽ നിങ്ങൾ പൂരിതരാകാൻ ഇടയാക്കുമാറാകട്ടെ.

R. ആമേൻ.

ചിതറിക്കപ്പെട്ട മക്കളെല്ലാവരും തന്റെ പുത്രനിൽ ഒരുമിച്ചുകൂട്ടപ്പെടാൻ തിരുമനസ്സായ അവിടന്ന്, തന്റെ ഭവനവും പരിശുദ്ധാത്മാവിന്റെ വാസസ്ഥലവുമായി നിങ്ങൾ ഭവിക്കാൻ അനുഗ്രഹിക്കുമാറാകട്ടെ.

R. ആമേൻ.

അങ്ങനെ, സന്തോഷപൂർവം ശുദ്ധീകരിക്കപ്പെട്ടവരായ, നിങ്ങളിൽത്തന്നെ വസിക്കുന്ന ദൈവത്തെ അനുഭവിക്കാനും നിത്യാനന്ദത്തിന്റെ അവകാശം എല്ലാ വിശുദ്ധരോടുമൊപ്പം കൈവരിക്കാനും ഇടയാക്കുമാറാകട്ടെ.

R. ആമേൻ.

സർവശക്തനും പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R. ആമേൻ.

# II. പ്രതിഷ്ഠ നടന്ന ദൈവാലയത്തിനു പുറമേ

**പ്രവേശകപ്രഭണിതം** **Cf. വെളി 21, 2**

വിശുദ്ധനഗരമായ പുതിയ ജറുസലേം, ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. വെളി 21, 3**

ഇതാ, ദൈവത്തിന്റെ കൂടാരം, മനുഷ്യരോടുകൂടെ! അവിടന്ന് അവരോടൊത്തു വസിക്കും, അവർ അവിടത്തെ ജനമായിരിക്കും, ദൈവംതന്നെ അവരോടുകൂടെ അവരുടെ ദൈവമായിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അത്യുന്നതങ്ങളിൽ ചൊല്ലുന്നു.

**സമിതിപ്രാർഥന**

ദൈവമേ, ജീവസ്സുറ്റതും തിരഞ്ഞെടുക്കപ്പെട്ടതുമായ ശിലകളാൽ, അങ്ങേ മഹിമയ്ക്കായി നിത്യമായ ഭവനം അങ്ങ് ഒരുക്കുന്നുവല്ലോ. അങ്ങേ സഭയിൽ, അങ്ങു നല്കിയ കൃപയുടെ ചൈതന്യം വർധിപ്പിക്കണമേ. അങ്ങനെ, അങ്ങയോട് വിശ്വസ്തരായ ജനം, സ്വർഗീയ ജറുസലേമിന്റെ നിർമിതിയിൽ നിരന്തരം വളരുമാറാകട്ടെ. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, അങ്ങേ സഭയെ മണവാട്ടിയെന്നു വിളിക്കാൻ അങ്ങ് തിരുമനസ്സായല്ലോ. അങ്ങേ നാമത്തിന് ശുശ്രൂഷചെയ്യുന്ന ജനം അങ്ങയെ ആദരിക്കാനും സ്നേഹിക്കാനും അനുഗമിക്കാനും അങ്ങയെ അനുഗമനംചെയ്ത്, വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിൽ എത്തിച്ചേരാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഞങ്ങൾ സമർപ്പിച്ച കാണിക്കകൾ സ്വീകരിക്കുകയും അങ്ങയെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഇവിടെ, കൂദാശകളുടെ ശക്തിയും പ്രാർഥനകളുടെ ഫലവും ലഭിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

ആമുഖഗീതി: ക്രിസ്തുവിന്റെ മണവാട്ടിയും ആത്മാവിന്റെ ആലയവുമായ സഭയുടെ രഹസ്യം.

V : കർത്താവു നിങ്ങളോടുകൂടെ.

R : അങ്ങയുടെ ആത്മാവോടുംകൂടെ

V : ഹൃദയങ്ങൾ ഉയർത്തുവിൻ.

R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ കൃപയയുടെ നിരന്തര സഹായത്താൽ പരിപോഷിതാകുന്ന ഞങ്ങളെ അങ്ങേക്ക് സ്വീകാര്യമായ ജീവിതത്തിന്റെ പ്രഭയാൽ പ്രശോഭിതരായി, പരിശുദ്ധാത്മാവിന്റെ ആലയമായത്തീരുന്നതിന് ഈ പ്രാർഥനയുടെ ഭവനത്തിൽ ഔദാര്യത്തോടെ വസിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ.

**എ**ന്നാൽ, ദൃശ്യമായ ആലയങ്ങളിൽ പ്രതിബിംബിപ്പിക്കുന്ന ക്രിസ്തുവിന്റെ മണവാട്ടിയായ സഭയെ നിരന്തര പ്രവർത്തനത്താൽ അങ്ങ് വിശുദ്ധീകരിക്കുന്നു. അങ്ങനെ, നിരവധി സന്താനങ്ങളാൽ ആഹ്ലാദിക്കുന്ന സഭാമാതാവിന് സ്വർഗത്തിലെ അങ്ങേ മഹത്ത്വത്തിൽ, ഇടം ലഭിക്കുന്നുവല്ലോ.

**ആ**കയാൽ, സമസ്ത വിശുദ്ധരോടും മാലാഖമാരോടുമൊത്ത് അങ്ങയെ ഞങ്ങൾ സ്തുതിച്ചുകൊണ്ട്, അനവരതം പ്രകീർത്തിക്കുന്നു.

പരിശുദ്ധൻ...

**ദിവ്യഭോജനപ്രഭണിതം** **Cf.1 പത്രോ 2, 5**

നിങ്ങൾ സജീവശിലകൾകൊണ്ടുള്ള ഒരു ആത്മീയ ഭവനമായി, വിശുദ്ധ പൗരോഹിത്യമായി, പണിതുയർത്തപ്പെടട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. മത്താ 21,13; ലൂക്കാ 11, 10**

കർത്താവ് അരുൾചെയ്യുന്നു: എന്റെ ഭവനം പ്രാർഥനാലയം എന്നുവിളിക്കപ്പെടും. അവിടെ, ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ, കണ്ടെത്തുന്നു. മുട്ടുന്നവനു തുറന്നു കിട്ടുകയും ചെയ്യുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

ദൈവമേ, അങ്ങേ സഭയുടെ നശ്വരമായ അടയാളത്തിലൂടെ അനശ്വരമായ ജറുസലേമിനെ ഞങ്ങൾക്കായി പ്രതിബിംബിപ്പിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. ഈ കൂദാശയുടെ പങ്കാളിത്തത്താൽ, ഞങ്ങളെ അങ്ങേ കൃപയുടെ ആലയമാക്കിത്തീർക്കുകയും അങ്ങേ മഹത്ത്വത്തിന്റെ വസതിയിൽ പ്രവേശിക്കാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

# പരിശുദ്ധ കന്യകമറിയത്തോടുള്ള പൊതുപ്രാർഥനകൾ

ഈ ദിവ്യപൂജകൾ പരിശുദ്ധ കന്യകമറിയത്തിന്റെ സ്മരണ ആഘോഷിക്കുന്ന ശനിയാഴ്ചകളിലും പരിശുദ്ധ കന്യകമറിയത്തിന്റെ ഭക്തിപൂജകളിലും ഉപയോഗിക്കാവുന്നതാണ്. എല്ലാ പ്രാർഥനകളിലും, 'അനുസ്മരണ' എന്ന വാക്കു കാണുന്നിടങ്ങളിൽ സമുചിതമായി 'സ്മരണ' എന്നതും ഉപയോഗിക്കാവുന്നതാണ്.

## I. ആണ്ടുവട്ടം

ഈ പ്രാർഥനകൾ, പ്രത്യേക കാലങ്ങളിൽ സമുചിതം ഉൾച്ചേർത്തിരിക്കുന്ന പരിശുദ്ധ കന്യകമറിയത്തിന്റെ ആഘോഷം, തപസ്സുകാലത്തിൽപ്പോലും, നിയമങ്ങൾക്കനുസൃതമായി ഉപയോഗിക്കാവുന്നതാണ്.

**1**

### പ്രവേശകപ്രഭണിതം

പരിശുദ്ധ അമ്മേ, സ്വസ്തി, സ്വർഗവും ഭൂമിയും എന്നുമെന്നേക്കും ഭരിക്കുന്ന രാജാവിന് നീ ജന്മം നല്കി.

### സമിതിപ്രാർഥന

കർത്താവായ ദൈവമേ, മനസ്സിന്റെയും ശരീരത്തിന്റെയും ശാശ്വതമായ ആരോഗ്യത്തിൽ അങ്ങേ ദാസരായ ഞങ്ങൾക്ക് സന്തോഷിക്കാനും പരിശുദ്ധ കന്യകമറിയത്തിന്റെ മഹത്ത്വമേറിയ മാധ്യസ്ഥ്യത്താൽ, ഇക്കാലയളവിലെ വിഷമതകളിൽനിന്ന് വിമുക്തരായി നിത്യാനന്ദം അനുഭവിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ബലിവസ്തുക്കളോടൊപ്പം അങ്ങേ ജനത്തിന്റെ പ്രാർഥനകളും അങ്ങ് സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ മാതാവായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യത്താൽ, ഒരു പ്രാർഥനയും കേൾക്കപ്പെടാതിരിക്കുകയും ഒരപേക്ഷയും നിഷ്ഫലമാകാതിരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (ഭക്തിപൂജയിൽ: വണക്കം ആചരിച്ചുകൊണ്ട്) രണ്ടാമത്തെയോ ആമുഖഗീതി) P.

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 11, 27**

നിത്യപിതാവിന്റെ പുത്രനെ വഹിച്ച കന്യകാമറിയത്തിന്റെ ഉദരം ഭാഗ്യപ്പെട്ടതാണ്.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയകൂദാശ സ്വീകരിച്ചുകൊണ്ട് അങ്ങേ കാരുണ്യത്തിനായി ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകമറിയത്തിന്റെ സ്മരണാഘോഷത്തിൽ സന്തോഷിക്കുന്ന ഞങ്ങൾ, പരിശുദ്ധ കന്യകയുടെ മാതൃകയാൽ ഞങ്ങളുടെ പരിത്രാണത്തിന്റെ രഹസ്യം സമുചിതം ശുശ്രൂഷിക്കാൻ പ്രാപ്തരാകുമാറാകട്ടെ. കർത്താവായ...

**2**

**പ്രവേശകപ്രഭണിതം**

സകലത്തിന്റെയും സ്രഷ്ടാവിനെ വഹിച്ച കന്യക മറിയമേ, നീ അനുഗൃഹീതയാകുന്നു. നിന്നെ സൃഷ്ടിച്ചവനു നീ ജന്മമേകുകയും എന്നേക്കും നീ കന്യകയായി നിലനില്ക്കുകയും ചെയ്യുന്നു.

**സമിതിപ്രാർഥന**

കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ ബലഹീനതയിൽ സംരക്ഷണം നല്കണമേ. അങ്ങനെ, പരിശുദ്ധ ദൈവമാതാവിന്റെ സ്മരണ ആഘോഷിക്കുന്ന ഞങ്ങൾ, ഈ അമ്മയുടെ മാധ്യസ്ഥ്യ സഹായത്താൽ, ഞങ്ങളുടെ പാപങ്ങളിൽനിന്ന് കരേറുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ പുത്രന്റെ മാതാവിന്റെ സ്മരണ ആദരിച്ചുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഈ ബലിവസ്തു, അങ്ങേ കൃപാവർഷത്താൽ, ഞങ്ങളെത്തന്നെ അങ്ങേക്ക് നിത്യമായ കാണിക്കയാക്കിത്തീർക്കുമാറാകട്ടെ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (ഭക്തിപൂജയിൽ: വണക്കമാചരിച്ചുകൊണ്ട്)p. രണ്ടാമത്തെയോ ആമുഖഗീതി (p).

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 1, 49**

ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടത്തെ നാമം പരിശുദ്ധമാണ്.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, നിത്യമായ പരിത്രാണത്തിൽ പങ്കാളികളായിത്തീർന്നുകൊണ്ട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ മാതാവിന്റെ സ്മരണ ആഘോഷിക്കുന്ന ഞങ്ങൾ, അങ്ങേ കൃപയുടെ പൂർണതയിൽ ഞങ്ങൾ അഭിമാനംകൊള്ളുകയും രക്ഷയുടെ നിരന്തര വർധന അനുഭവിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**3**

**പ്രവേശകപ്രഭണിതം** **Cf. യൂദി 13, 23.25**

കന്യകമറിയമേ, അത്യുന്നതനായ കർത്താവായ ദൈവത്താൽ ഭൂമിയിലെ എല്ലാ സ്ത്രീകളിലുംവച്ച് നീ അനുഗ്രഹിക്കപ്പെട്ടവളാണ്. നിന്റെ സ്തുതി മനുഷ്യരുടെ അധരങ്ങളിൽനിന്ന് ഒരിക്കലും ഒഴിയാത്തവിധം, നിന്റെ നാമം അവിടന്ന് മഹത്ത്വപ്പെടുത്തി.

**സമിതിപ്രാർഥന**

കർത്താവേ, ഏറ്റവും പരിശുദ്ധ കന്യകമറിയത്തിന്റെ മഹത്ത്വമേറിയ സ്മരണ ആദരിച്ചുകൊണ്ട്, ഞങ്ങൾ പ്രാർഥിക്കുന്നു. ഈ അമ്മയുടെ മാധ്യസ്ഥ്യത്താൽ, ഞങ്ങളും അങ്ങേ കൃപാവരപൂർണത പ്രാപിക്കാൻ കനിയുമാറാകണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ പുത്രന്റെ മാതാവിനെ സന്തോഷപൂർവം അനുസ്മരിച്ചുകൊണ്ട്, കൃതജ്ഞതാബലി അങ്ങേക്കു ഞങ്ങൾ അർപ്പിക്കുന്നു. ഈ പരമ പരിശുദ്ധ വിനിമയത്താൽ, നിത്യമായ പരിത്രാണത്തിന്റെ വർധനയിലേക്ക് മുന്നേറാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (ഭക്തിപൂജയിൽ: വണക്കമാചരിച്ചുകൊണ്ട്) p. രണ്ടാമത്തെയോ ആമുഖഗീതി, pp

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 1, 48**

ദൈവം തന്റെ ദാസിയുടെ താഴ്മ കടാക്ഷിച്ചതിനാൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വിളിക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയഭോജ്യത്താൽ നവീകൃതരായി, അങ്ങയോടു ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ഈ കൂദാശയാൽ, വത്സലകന്യകയിൽനിന്നു ജാതനായ അങ്ങേ പുത്രനെ സ്വീകരിച്ച ഞങ്ങൾ, വാക്കാൽ അവിടത്തെ ഏറ്റുപറയുകയും ജീവിതശൈലികളാൽ മുറുകെപ്പിടിക്കുകയും ചെയ്യുമാറാകട്ടെ. എന്നെന്നും...

**4**

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 44: 13.15.16**

ധനികരായ എല്ലാ ജനങ്ങളും അങ്ങേ മുഖം കാണാൻ അപേക്ഷിക്കുന്നു; അവളുടെ പിന്നിൽ, കന്യകമാർ രാജാവിങ്കലേക്ക് അകമ്പടി സേവിക്കുന്നു. ആഹ്ലാദത്തോടും സന്തോഷത്തോടുംകൂടെ, അവളുടെ തോഴിമാർ നിന്റെയടുക്കലേക്ക് നയിക്കപ്പെടുന്നു.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ ദാസരുടെ പാപങ്ങൾ ക്ഷമിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, പ്രവൃത്തികളാൽ അങ്ങയെ പ്രീതിപ്പെടുത്താൻ പ്രാപ്തിയില്ലാത്ത ഞങ്ങൾ, ഞങ്ങളുടെ കർത്താവായ അങ്ങേ പുത്രന്റെ മാതാവിന്റെ മാധ്യസ്ഥ്യത്താൽ, രക്ഷിക്കപ്പെടുമാറാകട്ടെ. എന്നെന്നും...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന ഈ കാണിക്കകൾ സ്വീകരിക്കുകയും പരിശുദ്ധാത്മാവിന്റെ വെളിച്ചത്താൽ പ്രകാശിതമായ ഞങ്ങളുടെ ഹൃദയങ്ങൾ, പരിശുദ്ധ കന്യകമറിയത്തിന്റെ മാതൃകയാൽ, അങ്ങയുടേതായവ എപ്പോഴും അന്വേഷിക്കാനും സംരക്ഷിക്കാനും അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (ഭക്തിപൂജയിൽ: വണക്കമാചരിച്ചുകൊണ്ട്)p. രണ്ടാമത്തെയോ ആമുഖഗീതി, pp.

## ദിവ്യഭോജനപ്രഭണിതം

നമ്മുടെ ദൈവമായ കർത്താവിനെ സ്തുതിക്കുവിൻ; എന്തെന്നാൽ, ഇസ്രായേൽ ഭവനത്തിന് അവിടന്നു വാഗ്ദാനം ചെയ്ത കാരുണ്യം അവിടത്തെ ദാസിയായ മറിയത്തിൽ അവിടന്ന് പൂർത്തീകരിച്ചു.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, രക്ഷയുടെയും വിശ്വാസത്തിന്റെയും കൂദാശ സ്വീകരിച്ചുകൊണ്ട്, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകമറിയത്തെ ഭക്തിപൂർവം അനുസ്മരിച്ചുകൊണ്ട്, ആ അമ്മയോടൊപ്പം, സ്വർഗീയ സ്നേഹത്തിൽ പങ്കാളികളാകാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

**5**

## പ്രവേശകപ്രഭണിതം

Cf. ലൂക്കാ 1, 28.42

കൃപ നിറഞ്ഞ മറിയമേ, സ്വസ്തി, കർത്താവ് നിന്നോടുകൂടെ; നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു; നിന്റെ ഉദരഫലവും അനുഗൃഹീതം.

## സമിതിപ്രാർഥന

ദൈവമേ, വിനീതരിലും ദരിദ്രരിലും നിസ്തുലയായ പരിശുദ്ധ കന്യകാമറിയത്തെ രക്ഷകന്റെ മാതാവായി അങ്ങ് തിരഞ്ഞെടുത്തുവല്ലോ. ഈ അമ്മയുടെ മാതൃക പിഞ്ചെന്നുകൊണ്ട്, അങ്ങേക്ക് ആത്മാർഥമായ വിശ്വാസത്തിന്റെ ആദരവു ഞങ്ങൾ നല്കാനും രക്ഷയുടെ പ്രത്യാശ പൂർണമായും അങ്ങിൽ സമർപ്പിക്കാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളുടെ ഭക്തിയുടെ ഈ കാണിക്കകൾ സ്വീകരിക്കണമേ. അങ്ങേ പുത്രന്റെ നിസ്സീമ സ്നേഹത്തിന്റെ നിർവഹണം അനുസ്മരിക്കുന്ന ഞങ്ങളെ, പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയാൽ, അങ്ങയോടും അയല്ക്കാരോടുമുള്ള സ്നേഹത്തിൽ ആഴപ്പെടാൻ അനുഗ്രഹിക്കണമേ. കർത്താവായ...

പരിശുദ്ധ കന്യകാമറിയത്തിന്റെ ഒന്നാമത്തെയോ (ഭക്തിപൂജയിൽ: വണക്കമാചരിച്ചുകൊണ്ട്) p. രണ്ടാമത്തെയോ ആമുഖഗീതി, pp

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 86, 3;ലൂക്കാ 1, 49**

കന്യകമറിയമേ, നിന്നെപ്പറ്റി മഹത്തായ കാര്യങ്ങൾ പറയപ്പെടുന്നു. എന്തെന്നാൽ, ശക്തനായവൻ നിനക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഈ കൂദാശയുടെ ചൈതന്യത്താൽ ശക്തി പ്രാപിച്ച്, അങ്ങേ എളിയ ദാസിയായ പരിശുദ്ധ കന്യകമറിയം ഇതിനകം മഹത്ത്വത്തോടെ നിത്യമായി അനുഭവിക്കുന്ന സമാധാനത്തിന്റെ ഭാഗ്യപൂർണമായ ദർശനത്തിൽ എത്തിച്ചേരുന്നതുവരെ, സുവിശേഷത്തിന്റെ വഴികളിലൂടെ, ഔത്സുക്യത്തോടെ നടന്നുനീങ്ങാൻ വേണ്ട അനുഗ്രഹം അങ്ങേ സഭയ്ക്കു നല്കുമാറാകണമേ. കർത്താവായ...

## 6

**പ്രവേശകപ്രഭണിതം**

ജെസ്സെയുടെ ദണ്ഡ് പുഷ്പിക്കുകയും കന്യക ദൈവവും മനുഷ്യനുമായവന് ജന്മം നല്കുകയും ചെയ്തു; ദൈവം തന്നിൽത്തന്നെ ആഴവും ഉയരവും അനുരഞ്ജിപ്പിച്ചുകൊണ്ട് സമാധാനം പുനഃസ്ഥാപിച്ചു.

**സമിതിപ്രാർഥന**

കർത്താവേ, നിത്യകന്യകയായ പരിശുദ്ധ മറിയത്തിന്റെ ആദരപൂർവകമായ മാധ്യസ്ഥ്യം ഞങ്ങളെ സഹായിക്കുകയും സകല അപകടങ്ങളിലുംനിന്ന് വിമുക്തരായി, അങ്ങേ, സമാധാനത്തിൽ സന്തോഷിക്കാൻ ഇടവരുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, താഴ്മയോടെ കേണപേക്ഷിച്ചുകൊണ്ട് അനുരഞ്ജനത്തിന്റെയും സ്തുതിയുടെയും കാണിക്കകൾ അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകമറിയത്തിന്റെ മാതൃക പിഞ്ചെന്നുകൊണ്ട്, അങ്ങേക്കു പ്രീതികരമായ വിശുദ്ധ ബലിവസ്തുവായി ഞങ്ങൾ ഞങ്ങളെത്തന്നെ കാഴ്ചവയ്ക്കുമാറാകട്ടെ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (ഭക്തിപൂജയിൽ: വണക്കമാചരിച്ചുകൊണ്ട്) p. രണ്ടാമത്തെയോ ആമുഖഗീതി, pp

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 44, 3**

നിന്റെ അധരങ്ങളിൽ കൃപ തുളുമ്പുന്നു; എന്തുകൊണ്ടെന്നാൽ, ദൈവം നിന്നെ എന്നേക്കുമായി അനുഗ്രഹിച്ചിരിക്കുന്നു.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയഭോജനത്താൽ പരിപോഷിതരായ ഞങ്ങളെ, പരിശുദ്ധ കന്യകമറിയത്തിന്റെ മാതൃകയാൽ, നിർമലമായ ജീവിതശൈലിയിലൂടെ അങ്ങയെ ശുശ്രൂഷിക്കാനും ഈ അമ്മയോടുകൂടെ, ആത്മാർഥമായ സ്തുതികളാൽ മഹത്ത്വപ്പെടുത്താനും ഞങ്ങളെ ഇടയാക്കണമേ. കർത്താവായ...

**7**

**പ്രവേശകപ്രഭണിതം** **Cf. ലൂക്കാ 1, 47.48**

മറിയം പറഞ്ഞു: എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു; എന്തെന്നാൽ, കർത്താവ് തന്റെ ദാസിയുടെ താഴ്മ കടാക്ഷിച്ചു.

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ വചനം വസിക്കാനായി പരിശുദ്ധ മറിയത്തിന്റെ കന്യകാഉദരത്തെ തിരഞ്ഞെടുക്കാൻ അങ്ങു തിരുവുള്ളമായല്ലോ. ഈ അമ്മയുടെ സംരക്ഷണത്താൽ സുരക്ഷിതരായി, പരിശുദ്ധ മറിയത്തിന്റെ സ്മരണയിൽ സന്തോഷത്തോടെ പങ്കെടുക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, പരിശുദ്ധമറിയം തന്റെ കന്യാത്വത്താൽ അങ്ങയെ പ്രസാദിപ്പിക്കുകയും തന്റെ താഴ്മയിൽ ഞങ്ങളുടെ കർത്താവായ അങ്ങേ പുത്രന് ജന്മംനല്കുകയും ചെയ്തുവല്ലോ. ഈ അമ്മയുടെ സ്മരണയിൽ അർപ്പിച്ച അങ്ങേ ജനത്തിന്റെ കാണിക്കകൾ അങ്ങേക്കു സ്വീകാര്യമായിത്തീരുമാറാകട്ടെ. എന്നെന്നും...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (ഭക്തിപൂജയിൽ: വണക്കമാചരിച്ചുകൊണ്ട്) p രണ്ടാമത്തെയോ ആമുഖഗീതി, pp.

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 2, 19**

മറിയം ഈ വചനങ്ങളെല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു.

**ദിവ്യഭോജനപ്രാർഥന**

ഞങ്ങളുടെ ദൈവമായ കർത്താവേ, ആത്മീയഭോജനത്തിൽ പങ്കാളികളായിത്തീർന്ന്, ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകമറിയത്തെ സ്ഥിരോത്സാഹത്തോടെ അനുകരിച്ചുകൊണ്ട്, സഭാശുശ്രൂഷയിൽ എന്നും ദൃഢചിത്തരായി ഞങ്ങൾ കാണപ്പെടുകയും അങ്ങയെ ശുശ്രൂഷിക്കുന്നതിലുള്ള സന്തോഷം ഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**8**

**പ്രവേശകപ്രഭണിതം**

പരിശുദ്ധ കന്യകമറിയമേ, നീ സന്തോഷവതിയും എല്ലാ സ്തുതിക്കും ഏറ്റവും യോഗ്യയുമാകുന്നു; എന്തുകൊണ്ടെന്നാൽ, ഞങ്ങളുടെ ദൈവമായ കർത്താവ്, നീതിസൂര്യൻ, നിന്നിൽനിന്ന് ഉദിച്ചു. അവിടുന്നുവഴിയാണല്ലോ, ഞങ്ങൾ രക്ഷിക്കപ്പെട്ടതും പുനരുദ്ധരിക്കപ്പെട്ടതും.

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, ഏറ്റവും പരിശുദ്ധ കന്യകമറിയത്തിന്റെ സംരക്ഷണത്തിൽ സന്തോഷിക്കുന്ന അങ്ങേ വിശ്വാസികൾ, ഈ അമ്മയുടെ വാത്സല്യപൂർവകമായ മാധ്യസ്ഥ്യത്താൽ, ഭൂമിയിലെ സകല തിന്മകളിലുംനിന്ന് മോചിതരാകാനും സ്വർഗത്തിൽ നിത്യാനന്ദത്തിലേക്ക് എത്തിച്ചേരുന്നതിന് അർഹരാകാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ദൈവമാതാവായ പരിശുദ്ധമറിയത്തിന്റെ സ്മരണാഘോഷത്തിൽ സമർപ്പിക്കുന്ന അങ്ങേ വിശ്വാസികളുടെ പ്രാർഥനകളും കാഴ്ചദ്രവ്യങ്ങളും കടാക്ഷിക്കണമേ. അങ്ങനെ, അവ അങ്ങേക്ക് പ്രീതികരമായി ഭവിക്കുകയും അങ്ങേ പാപമോചനത്തിന്റെ സഹായം ഞങ്ങൾക്ക് ലഭിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (ഭക്തിപൂജയിൽ: വണക്കമാചരിച്ചുകൊണ്ട്) p. രണ്ടാമത്തെയോ ആമുഖഗീതി, pp.

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 1, 48**

കർത്താവ് തന്റെ ദാസിയുടെ താഴ്മ കടാക്ഷിച്ചു; ഇതാ, ഇപ്പോൾ മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വിളിക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, രക്ഷാകരമായ കൂദാശയാൽ നവീകൃതരായി അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്മരണ ആദരപൂർവം ആഘോഷിക്കുന്ന ഞങ്ങൾ, അങ്ങേ പരിത്രാണത്തിന്റെ ഫലം നിത്യമായി അനുഭവിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

# II. ആഗമനകാലത്ത്

**പ്രവേശകപ്രഭണിതം** **Cf. ഏശ 45, 8**

സ്വർഗങ്ങളേ, മുകളിൽനിന്ന് മഞ്ഞു പൊഴിക്കുക, മേഘങ്ങളേ, നീതിമാനെ വർഷിക്കുക; ഭൂമി തുറക്കപ്പെടുകയും രക്ഷകനെ അങ്കുരിപ്പിക്കുകയും ചെയ്യട്ടെ.

അഥവാ **Cf. ലൂക്കാ 1, 30-32**

മാലാഖ മറിയത്തോടു പറഞ്ഞു: ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു; ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അത്യുന്നതന്റെ പുത്രനെന്ന് അവൻ വിളിക്കപ്പെടും.

**സമിതിപ്രാർഥന**

ദൈവമേ, മാലാഖയുടെ സന്ദേശത്താൽ, അങ്ങേ വചനം, പരിശുദ്ധ കന്യകമറിയത്തിന്റെ ഉദരത്തിൽ മാംസം ധരിക്കാൻ അങ്ങ് തിരുമനസ്സായല്ലോ. പരിശുദ്ധ മറിയം യഥാർഥത്തിൽ ദൈവമാതാവാണെന്ന വിശ്വാസത്തോടെ അങ്ങയെ വിളിച്ചപേക്ഷിക്കുന്ന ഞങ്ങൾ, അങ്ങേ സന്നിധിയിൽ, ആ അമ്മയുടെ മാധ്യസ്ഥ്യത്താൽ, തുണയ്ക്കപ്പെടാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, പിതാക്കന്മാർക്കു നല്കിയ വാഗ്ദാനം പൂർത്തീകരിച്ചുകൊണ്ട്, പരിശുദ്ധ കന്യകമറിയത്തെ രക്ഷകന്റെ അമ്മയായിത്തീരാൻ അങ്ങ് തിരഞ്ഞെടുത്തുവല്ലോ. ഈ അമ്മയുടെ എളിമ അങ്ങേക്ക് പ്രീതികരവും അനുസരണം ഞങ്ങൾക്ക് ഉപകാരപ്രദവുമായിത്തീർന്നു. പരിശുദ്ധ മറിയത്തിന്റെ മാതൃക പിഞ്ചെല്ലാൻ ഞങ്ങൾക്കനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, ഈ കാണിക്കകൾ സ്വീകരിക്കുകയും അങ്ങേ ശക്തിയാൽ അവ രക്ഷാകരമായ കൂദാശയായി രൂപാന്തരപ്പെടുത്തുകയും ചെയ്യണമേ. ഈ കൂദാശയിലാണല്ലോ പിതാക്കന്മാരുടെ ബലികളുടെ പ്രതിരൂപങ്ങൾ പൂർത്തീകരിച്ചുകൊണ്ട്, നിത്യകന്യകയിൽനിന്ന് അവർണനീയമാംവിധം ജന്മമെടുത്ത അങ്ങേ പുത്രൻ യേശുക്രിസ്തു, യഥാർഥ കുഞ്ഞാടായി അർപ്പിക്കപ്പെടുന്നത്. എന്നെന്നും...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ p. രണ്ടാമത്തെയോ ആമുഖഗീതി, p. ആഗമനകാലം രണ്ടാമത്തെ ആമുഖഗീതിയും ഉപയോഗിക്കാവുന്നതാണ് p.

## ദിവ്യഭോജനപ്രഭണിതം — Cf. ഏശ 7, 14

ഇതാ, കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും.

## ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾ സ്വീകരിച്ച രഹസ്യങ്ങൾ ഞങ്ങളിൽ അങ്ങേ കാരുണ്യം സദാ പ്രകടമാക്കട്ടെ. അങ്ങനെ, അങ്ങേ പുത്രന്റെ മാതാവിന്റെ സ്മരണ വിശ്വസ്തമനസ്സോടെ ആഘോഷിക്കുന്ന ഞങ്ങൾ, അവിടത്തെ മനുഷ്യാവതാരത്താൽ രക്ഷിക്കപ്പെടുമാറാകട്ടെ. എന്നെന്നും...

# III. തിരുപ്പിറവിക്കാലത്ത്

## പ്രവേശകപ്രഭണിതം

കന്യാത്വത്തിന്റെ ബഹുമതിയോടെ മാതാവിന്റെ സന്തോഷം അനുഭവിച്ചുകൊണ്ട് നിത്യനായവൻ എന്ന് പേരുള്ള രാജശിശുവിന് അവൾ ജന്മം നല്കി. അവൾക്കു തുല്യമായി അവൾക്കു മുമ്പോ പിമ്പോ ആരുംതന്നെ ഉണ്ടായിട്ടില്ല.

## അഥവാ

കന്യകയായ ദൈവമാതാവേ, മുഴുവൻ പ്രപഞ്ചത്തിനും ഉൾക്കൊള്ളാൻ കഴിയാത്തവൻ മനുഷ്യനായപ്പോൾ നിന്റെ ഉദരത്തിൽ ഇടംകണ്ടെത്തി.

## സമിതിപ്രാർഥന

ദൈവമേ, പരിശുദ്ധ മറിയത്തിന്റെ ഫലസമൃദ്ധമായ കന്യാത്വത്താൽ മാനവരാശിക്ക് നിത്യരക്ഷയുടെ സമ്മാനം അങ്ങു നല്കിയല്ലോ. ഈ അമ്മവഴിയാണല്ലോ, ജീവന്റെ ഉടയവനായ അങ്ങേ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിനെ സ്വീകരിക്കാൻ ഞങ്ങൾ അർഹരായത്. ഞങ്ങൾക്കുവേണ്ടിയുള്ള പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യം അനുഭവിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

## അഥവാ

ദൈവമേ, നിത്യതയിൽനിന്നുളവായ അങ്ങേ വചനം കന്യകയുടെ ഉദരത്തിൽനിന്നുവരാൻ അങ്ങ് തിരുമനസ്സായല്ലോ. പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യത്താൽ, തന്റെ സാന്നിധ്യത്തിന്റെ ശോഭയാൽ, അവിടന്ന് ഞങ്ങളുടെ അന്ധകാരം നീക്കിക്കളഞ്ഞ് പ്രകാശിപ്പിക്കാനും അവിടത്തെ സമ്പൂർണതയാൽ, സന്തോഷവും സമാധാനവും പ്രദാനം ചെയ്യാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

### നൈവേദ്യപ്രാർഥന

കർത്താവേ, സമയത്തിന്റെ പൂർണതയിൽ കന്യകമറിയത്തിൽനിന്നു ജനിച്ച അങ്ങേ ഏകജാതന്റെ പിറവിവഴി അങ്ങ് പവിത്രീകരിച്ച ഭാഗ്യപ്പെട്ട ഇക്കാലഘട്ടം ആഘോഷിച്ചുകൊണ്ട്, ഈ അർപ്പണം ഞങ്ങളെ വിശുദ്ധീകരിക്കുകയും അവിടന്നിൽ നവജന്മം പ്രാപിക്കാൻ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (p)രണ്ടാമത്തെയോ ആമുഖഗീതി (p).

### ദിവ്യഭോജനപ്രഭണിതം Cf. ലൂക്കാ 11, 27

നിത്യപിതാവിന്റെ പുത്രനെ വഹിച്ച കന്യകമറിയത്തിന്റെ ഉദരം ഭാഗ്യപ്പെട്ടതാണ്.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, അവതരിച്ച അങ്ങേ വചനത്തിന്റെ ശരീരത്താലും രക്തത്താലും നവീകരിക്കപ്പെട്ട്, ഞങ്ങൾ പ്രാർഥിക്കുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ സ്മരണയിൽ സന്തോഷത്തോടെ ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ അങ്ങേ പുത്രന്റെ ദൈവികത്വത്തിൽ എന്നേക്കും പങ്കാളികളാകാൻ ഞങ്ങളെ ഇടയാക്കുമാറാകട്ടെ. എന്നെന്നും...

## IV. പെസഹാക്കാലത്ത്

### പ്രവേശകപ്രഭണിതം Cf. സങ്കീ 29, 12

കർത്താവേ, എന്റെ വിലാപം അങ്ങ് ആനന്ദമാക്കി മാറ്റുകയും സന്തോഷംകൊണ്ട് വലയം ചെയ്യിക്കുകയും ചെയ്തു അല്ലേലൂയാ.

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ ഉത്ഥാനംവഴി ലോകത്തെ ആനന്ദിപ്പിക്കാൻ അങ്ങു തിരുമനസ്സായല്ലോ. അവിടത്തെ മാതാവായ കന്യകമറിയംവഴി, നിത്യജീവൻ പ്രാപിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

പരിശുദ്ധനായ പിതാവേ, പരിശുദ്ധ കന്യകമറിയത്തിന്റെ സ്മരണ ആഘോഷിച്ചുകൊണ്ട്, സന്തോഷത്തോടെ അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന, ഞങ്ങളുടെ എളിമയുടെ ഈ കാഴ്ചയർപ്പണം സ്വീകരിക്കണമേ. അങ്ങനെ, ഈ അർപ്പണം, ക്രിസ്തുവിന്റെ ബലിയുമായി ഒന്നുചേരുന്ന ഞങ്ങൾക്ക് ഇഹത്തിൽ ആശ്വാസവും പരത്തിൽ നിത്യരക്ഷയുമായി ഭവിക്കാൻ കൃപയരുളണമേ. കർത്താവായ...

പരിശുദ്ധ കന്യകമറിയത്തിന്റെ ഒന്നാമത്തെയോ (p) രണ്ടാമത്തെയോ ആമുഖഗീതി, (p).

## ദിവ്യഭോജനപ്രഭണിതം

കന്യകമാതാവേ, ആനന്ദിച്ചാലും; എന്തെന്നാൽ, ക്രിസ്തു കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റു, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, പെസഹാക്കൂദാശയാൽ നവീകൃതരായി ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങേ പുത്രന്റെ മാതാവിന്റെ സ്മരണ ആഘോഷിക്കുന്ന ഞങ്ങൾ, യേശുവിന്റെ ജീവിതം ഞങ്ങളുടെ നശ്വര ശരീരത്തിൽ പ്രതിഫലിപ്പിക്കുമാറാകട്ടെ. എന്നെന്നും...

പെസഹാക്കാലത്ത്, അപ്പോസ്തലന്മാരുടെ രാജ്ഞിയായ പരിശുദ്ധ മറിയത്തിന്റെ ദിവ്യപൂജയും ഉപയോഗിക്കാവുന്നതാണ്, p.

# രക്തസാക്ഷികളുടെ പൊതുപ്രാർഥനകൾ

## I. പെസഹാക്കാലത്തിനുപുറമേ

### A. ഒന്നിലധികം രക്തസാക്ഷികൾ

**1**

**പ്രവേശകപ്രഭണിതം**

ക്രിസ്തുവിന്റെ കാലടികൾ പിന്തുടർന്ന് വിശുദ്ധരുടെ ആത്മാക്കൾ സ്വർഗത്തിൽ ആനന്ദിക്കുന്നു. എന്തെന്നാൽ, അവിടത്തെ സ്നേഹത്തെപ്രതി, അവർ തങ്ങളുടെ രക്തം ചിന്തി; അതിനാൽ, ക്രിസ്തുവിനോടുകൂടെ, അവർ അനവരതം ആഹ്ലാദിക്കുന്നു.

അഥവാ

വിശുദ്ധരായ മനുഷ്യർ കർത്താവിനുവേണ്ടി ഭാഗ്യപ്പെട്ട രക്തം ചിന്തി; തങ്ങളുടെ ജീവിതത്തിൽ അവർ ക്രിസ്തുവിനെ സ്നേഹിച്ചു. തങ്ങളുടെ മരണത്തിൽ അവർ അവിടത്തെ അനുകരിക്കുകയും അതുവഴി വിജയകിരീടമണിയുകയും ചെയ്തു.

**സമിതിപ്രാർഥന**

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾക്ക് ആഹ്ലാദപൂർവകമായ ഫലപ്രാപ്തി നല്കണമേ. അങ്ങനെ, ആണ്ടുതോറും രക്തസാക്ഷികളായ വിശുദ്ധർ, N. ന്റെയും N. ന്റെയും പീഡാസഹനം ഭക്തിയോടെ ആഘോഷിക്കുന്ന ഞങ്ങൾ, അവരുടെ വിശ്വാസസ്ഥിരതയും അനുകരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

പരിശുദ്ധനായ പിതാവേ, രക്തസാക്ഷികളായ വിശുദ്ധരുടെ സ്മരണാഘോഷത്തിൽ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന കാണിക്കകൾ സ്വീകരിക്കുകയും അങ്ങേ നാമത്തിനു സാക്ഷ്യംവഹിക്കുന്നതിൽ സ്ഥിരതയുള്ളവരാകാൻ അങ്ങേ ദാസരായ ഞങ്ങൾക്ക് അർഹത നല്കുകയും ചെയ്യുമാറാകണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **ലൂക്കാ 22, 28-30**

കർത്താവ് അരുൾചെയ്യുന്നു: എന്റെ പരീക്ഷകളിൽ എന്നോടുകൂടെ നിരന്തരം ഉണ്ടായിരുന്നവരാണ് നിങ്ങൾ. ഞാൻ നിങ്ങൾക്ക് രാജ്യം തരുന്നു; അത് നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽ നിന്ന് ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നതിനുവേണ്ടിയത്രേ.

അഥവാ

ഇതാ, ദൈവത്തിന്റെ മുമ്പിൽ, വിശുദ്ധരുടെ സമ്മാനം വളരെ അമൂല്യമാണ്; അവർതന്നെ കർത്താവിനുവേണ്ടി യഥാർഥത്തിൽ മരണം വരിക്കുകയും എന്നേക്കും ജീവിക്കുകയും ചെയ്യുന്നു.

**ദിവ്യഭോജനപ്രാർഥന**

ദൈവമേ, രക്തസാക്ഷികളായ അങ്ങേ വിശുദ്ധരിൽ, കുരിശിന്റെ രഹസ്യം വിസ്മയകരമായി അങ്ങു വെളിപ്പെടുത്തിയല്ലോ. ഈ ബലിയിൽനിന്ന് ശക്തിയാർജിച്ച്, ക്രിസ്തുവിനോട് വിശ്വസ്തതയോടെ ചേർന്നുനില്ക്കാനും സഭയിൽ എല്ലാവരുടെയും രക്ഷയ്ക്കായി പ്രയത്നിക്കാനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. കർത്താവായ...

**2**

**പ്രവേശകപ്രഭണിതം** **സങ്കീ 33, 20-21**

നീതിമാന്മാരുടെ ക്ലേശങ്ങൾ നിരവധിയാണ്; അവയിൽ നിന്നെല്ലാം കർത്താവ് അവരെ മോചിപ്പിക്കുന്നു; കർത്താവ് അവരുടെ എല്ലാ അസ്ഥികളും കാത്തുസൂക്ഷിക്കുന്നു, അവയിലൊന്നുപോലും തകർക്കപ്പെടുകയില്ല.

അഥവാ **Cf. വെളി 7, 14; ദാനി 3, 95**

ഇവരാണു വലിയ ഞെരുക്കത്തിൽനിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകിയവർ. ദൈവത്തെപ്രതി അവർ തങ്ങളുടെ ശരീരം പീഡനങ്ങൾക്കു വിട്ടുകൊടുക്കുകയും നിത്യമായ കിരീടത്തിന് അർഹരായിത്തീരുകയും ചെയ്തു.

### സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, വിശുദ്ധരായ N. ഉം N. ഉം ക്രിസ്തുവിനുവേണ്ടി സഹിക്കാൻ അങ്ങ് അനുഗ്രഹം നല്കിയല്ലോ. ഞങ്ങളുടെതന്നെ ബലഹീനതയ്ക്കും ദിവ്യമായ സഹായം സംലബ്ധമാക്കണമേ. അങ്ങനെ, ഇവർ അങ്ങേക്കുവേണ്ടി മരിക്കാൻ മടി കാണിക്കാതിരുന്നതുപോലെ, ഞങ്ങളും അങ്ങയെ ഏറ്റുപറഞ്ഞ് ധീരതയോടെ ജീവിക്കാൻ പ്രാപ്തരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അമൂല്യമായ രക്തസാക്ഷിത്വത്തിന്റെ ആഘോഷത്താൽ, സമർപ്പിതമാകേണ്ട ഈ കാഴ്ചദ്രവ്യങ്ങൾ അങ്ങേക്ക് പ്രീതികരമായിത്തീരട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഇവ ഞങ്ങളുടെ പാപങ്ങൾ ശുദ്ധീകരിക്കുകയും അങ്ങേ ദാസരുടെ പ്രാർഥനകൾ അങ്ങേക്ക് സ്വീകാര്യമാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം — Cf. യോഹ 15, 13

കർത്താവ് അരുൾചെയ്യുന്നു: സ്നേഹിതർക്കുവേണ്ടി തന്റെ ജീവർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല.

അഥവാ — ലൂക്കാ 12, 4

എന്റെ സ്നേഹിതരായ നിങ്ങളോടു പറയുന്നു: നിങ്ങളെ പീഡിപ്പിക്കുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയ അപ്പത്താൽ പരിപോഷിതരും ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുകയും ചെയ്ത ഞങ്ങൾ, അവിടത്തെ സ്നേഹത്തിൽനിന്ന് ഒരിക്കലും വേർപിരിയാതിരിക്കാനും രക്തസാക്ഷികളായ അങ്ങേ വിശുദ്ധർ N. ന്റെയും N. ന്റെയും മാതൃകയാൽ, ഞങ്ങളെ സ്നേഹിച്ച അവിടത്തേക്കുവേണ്ടി, എല്ലാറ്റിനെയും ധീരതയോടെ തരണം ചെയ്യാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

### 3

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 36, 39**

നീതിമാന്മാരുടെ രക്ഷ കർത്താവിൽനിന്നാണ്; കഷ്ടകാലത്ത് അവരുടെ സംരക്ഷകനും അവിടന്നാണ്.

അഥവാ **Cf. ജ്ഞാനം 3, 6-7.9**

ഉലയിൽ സ്വർണമെന്നപോലെ, തിരഞ്ഞെടുക്കപ്പെട്ടവരെ കർത്താവ് ശോധന ചെയ്യുകയും ദഹനബലിയായി അവരെ സ്വീകരിക്കുകയും ചെയ്തു. അനുയുക്തമായ സമയത്ത് അവർ ആദരിക്കപ്പെടും. എന്തെന്നാൽ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടൊപ്പം അനുഗ്രഹവും സമാധാനവും ഉണ്ടായിരിക്കും.

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ രക്തസാക്ഷികളുടെ സഹോദരവൃന്ദം ഞങ്ങളെ ആനന്ദിപ്പിക്കട്ടെ. ഈ കൂട്ടായ്മ ഞങ്ങളുടെ വിശ്വാസം വർധിപ്പിക്കുകയും നിരവധിയായ അവരുടെ മാധ്യസ്ഥ്യസഹായം ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

അഥവാ

കർത്താവേ, രക്തസാക്ഷികളായ വിശുദ്ധർ N. ന്റെയും N. ന്റെയും പ്രീതികരമായ പ്രാർഥന ഞങ്ങളെ അങ്ങേക്ക് സ്വീകാര്യരാക്കുകയും അങ്ങേ സത്യം പ്രഘോഷിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, രക്തസാക്ഷികളായ അങ്ങേ വിശുദ്ധരുടെ പീഡാസഹനങ്ങളുടെ വണക്കത്തിനായി അങ്ങേ ജനത്തിന്റെ കാണിക്കകൾ അങ്ങ് സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. പീഡകളിൽ വിശുദ്ധരായ N. യെയും N. യെയും ധീരതയോടെ നിലകൊള്ളാൻ സഹായിച്ച ഈ കാണിക്കകൾ ഞങ്ങൾക്കും പ്രതിസന്ധികളിൽ സ്ഥൈര്യം നല്കുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. മർക്കോ 8, 35**

കർത്താവ് അരുൾചെയ്യുന്നു: ആരെങ്കിലും എനിക്കു വേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ തന്റെ ജീവൻ നഷ്ടപ്പെടുത്തിയാൽ, അവൻ അതിനെ രക്ഷിക്കും.

അഥവാ **Cf. ജ്ഞാനം 3, 4**

മനുഷ്യദൃഷ്ടിയിൽ അവർ പീഡിപ്പിക്കപ്പെട്ടു; എങ്കിലും തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രത്യാശ നിത്യതയിലുള്ള അനശ്വരതയാണ്.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ ദാനം ഞങ്ങളിൽ അങ്ങ് സംരക്ഷിക്കണമേ. അങ്ങനെ, രക്തസാക്ഷികളായ N...ന്റെയും N..ന്റെയും ആഘോഷത്തിൽ അങ്ങിൽനിന്നു ഞങ്ങൾ സ്വീകരിച്ചത് ഞങ്ങൾക്ക് രക്ഷയും സമാധാനവും നല്കുമാറാകട്ടെ. കർത്താവായ...

**4**

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 33, 18**

നീതിമാന്മാർ നിലവിളിച്ചപ്പോൾ കർത്താവ് അവരെ ശ്രവിച്ചു. അവരുടെ സകലവിധ കഷ്ടതകളിലുംനിന്ന് അവിടന്ന് അവരെ മോചിപ്പിച്ചു.

അഥവാ

കർത്താവിന്റെ ഉടമ്പടിയെയും പൈതൃകനിയമങ്ങളെയും പ്രതി, ദൈവത്തിന്റെ വിശുദ്ധർ സഹോദരസ്നേഹത്തിൽ നിലനിന്നു; എന്തെന്നാൽ, അവരിൽ സദാ ഒരേ ചൈതന്യവും ഒരേ വിശ്വാസവുമാണ് ഉണ്ടായിരുന്നത്.

**സമിതിപ്രാർഥന**

ദൈവമേ, ആണ്ടുതോറും വിശുദ്ധരായ N. യുടെയും N. യുടെയും ആഘോഷത്താൽ അങ്ങ് ഞങ്ങളെ സന്തോഷിപ്പിക്കുന്നുവല്ലോ. അവരുടെ സ്വർഗീയ ജന്മദിനം ആചരിക്കുന്ന ഞങ്ങളെ അവരുടെ സഹനത്തിന്റെ ചൈതന്യം അനുകരിക്കാനും കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, സമൃദ്ധമായ ഈ മഹത്ത്വത്തിലേക്കു കടന്നുവരാൻ വേണ്ട കൃപയുടെ ദാനം വിശുദ്ധരായ N. നും N. നും അങ്ങ് നല്കിയല്ലോ. ഈ രക്തസാക്ഷികളുടെ മാധ്യസ്ഥ്യവും യോഗ്യതകളുംവഴി, അങ്ങേ ദാസർക്ക് പാപമോചനം നല്കുകയും എല്ലാ പ്രതിസന്ധികളിലുംനിന്നു മോചിതരാകാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധരായ N. ന്റെയും N. ന്റെയും സ്മരണയ്ക്കായി കേണപേക്ഷിച്ചുകൊണ്ട് ഈ കാണിക്കകൾ അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങനെ, അവർക്ക് സത്യവിശ്വാസത്തിന്റെ പ്രകാശം അങ്ങ് നല്കിയതുപോലെ, ഞങ്ങൾക്ക് പാപമോചനവും സമാധാനവും പ്രദാനം ചെയ്യണമേ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം 2 കോറി 4, 11

ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ പ്രത്യക്ഷമാകുന്നതിന്, യേശുവിനെപ്രതി ഞങ്ങൾ മരണത്തിന് ഏല്പിക്കപ്പെടുന്നു.

അഥവാ മത്താ 10, 28

കർത്താവ് അരുൾചെയ്യുന്നു: ശരീരത്തെ കൊല്ലുകയും എന്നാൽ ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, രക്തസാക്ഷികളായ വിശുദ്ധർ N. ന്റെയും N. ന്റെയും ആഘോഷത്തിൽ, ഈ സ്വർഗീയ കൂദാശവഴി, സമൃദ്ധമായ കൃപ അങ്ങ് ഞങ്ങൾക്കു നല്കണമേ. അങ്ങനെ, ഇത്രയേറെ വലിയ പോരാട്ടത്തിൽ, ഉറച്ച ക്ഷമാശീലത്തിൽ ഐക്യപ്പെടാനും ഭക്തിയുടെ വിജയത്തിൽ ആഹ്ലാദിക്കാനും ഞങ്ങൾ പരിശീലിക്കുമാറാകട്ടെ. കർത്താവായ...

## 5

### പ്രവേശകപ്രഭണിതം

രക്തസാക്ഷികളായ വിശുദ്ധരുടെ രക്തം ക്രിസ്തുവിനു വേണ്ടി ഭൂമിയിൽ ചിന്തപ്പെട്ടു. ആകയാൽ, അവർ നിത്യസമ്മാനം കരസ്ഥമാക്കി.

അഥവാ ജ്ഞാനം 3, 1-2,3

നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്; തിന്മയുടെ ഒരു ഉപദ്രവവും അവരെ സ്പർശിക്കുകയില്ല. ഭോഷന്മാരുടെ കണ്ണിൽ അവർ മരിച്ചവരെന്നു കണ്ടു; എന്നാൽ, അവർ സമാധാനത്തിലാണ്.

### സമിതിപ്രാർഥന

കർത്താവേ, വിശ്വാസത്തിന്റെ വർദ്ധന ഞങ്ങൾക്ക് കാരുണ്യപൂർവം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, രക്തസാക്ഷികളായ അങ്ങേ വിശുദ്ധർ N. യും N. യും രക്തം ചിന്തുവോളം കാത്തുപാലിച്ച ആ വിശ്വാസം അവരെ മഹത്ത്വപ്പെടുത്തുന്നതുപോലെ, അതേ വിശ്വാസം യഥാർഥത്തിൽ പിഞ്ചെല്ലുന്ന ഞങ്ങളെയും അത് നീതിമത്കരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അർപ്പിച്ച ഈ കാഴ്ചദ്രവ്യങ്ങൾ സംപ്രീതിയോടെ കടാക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ പീഡാസഹനരഹസ്യത്താൽ ഞങ്ങൾ ആഘോഷിക്കുന്നത്, വിശുദ്ധരായ N. ന്റെയും N. ന്റെയും മാതൃകയാൽ, ഭക്തിസ്നേഹത്തോടെ ഞങ്ങൾ പിഞ്ചെല്ലുമാറാകട്ടെ. കർത്താവായ...

അഥവാ

കർത്താവേ, വിശുദ്ധരായ N. ന്റെയും N. ന്റെയും വിജയാഘോഷത്തിൽ, ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ കാഴ്ചദ്രവ്യങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങേ സ്നേഹാഗ്നി സദാ ഉജ്ജ്വലിപ്പിക്കുകയും നിരന്തരം പരിശ്രമിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സമ്മാനത്തിന് അവയെ സജ്ജമാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **റോമ 8, 38-39**

മരണത്തിനോ ജീവനോ ഏതെങ്കിലും സൃഷ്ടിക്കോ ക്രിസ്തുവിന്റെ സ്നേഹത്തില്‍നിന്നു നമ്മെ വേര്‍പെടുത്താന്‍ കഴിയുകയില്ല.

അഥവാ **മത്താ 10, 30-31**

നിങ്ങളുടെ തലയിലെ ഓരോ മുടിയും എണ്ണപ്പെട്ടിരിക്കുന്നു. ഭയപ്പെടേണ്ടാ, നിങ്ങള്‍ അനേകം കുരുവികളെക്കാള്‍ വിലയുള്ളവരാണ്.

**ദിവ്യഭോജനപ്രാര്‍ഥന**

കര്‍ത്താവേ, രക്തസാക്ഷികളായ അങ്ങേ വിശുദ്ധര്‍ N. ന്റെയും N. ന്റെയും സ്മരണാഘോഷത്തില്‍, അങ്ങേ ഏകജാതന്റെ അമൂല്യമായ ശരീരരക്തങ്ങളാല്‍ പരിപോഷിതരായി, അങ്ങില്‍ ഉറച്ച സ്നേഹത്തോടെ നിലനില്ക്കാനും അങ്ങില്‍നിന്നു ശക്തിയാര്‍ജിച്ച് ജീവിക്കാനും അങ്ങിലേക്കു ഗമിക്കാനും അനുഗ്രഹിക്കണമേ. കര്‍ത്താവായ...

# B. ഒരു രക്തസാക്ഷി

1

**പ്രവേശകപ്രഭണിതം**

ഈ വിശുദ്ധന്‍ തന്റെ ദൈവത്തിന്റെ നിയമത്തിനു വേണ്ടി മരണംവരെ പോരാടുകയും ദുഷ്ടരുടെ വാക്കുകള്‍ ഭയപ്പെടാതിരിക്കുകയും ചെയ്തു; എന്തെന്നാല്‍, ഉറച്ച പാറമേലായിരുന്നു അദ്ദേഹം അടിസ്ഥാനമിട്ടത്.

അഥവാ **Cf. ജ്ഞാനം 10, 12**

ജ്ഞാനം എല്ലാറ്റിനെയുംകാള്‍ ശക്തമാണെന്നറിയാന്‍ കര്‍ത്താവ് അവനെ കഠിന പോരാട്ടത്തിനു വിധേയനാക്കി.

## സമിതിപ്രാർഥന

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, അങ്ങേ രക്തസാക്ഷിയായ വിശുദ്ധ N. നെ, തന്റെ പീഡാസഹനങ്ങൾ തരണംചെയ്യാൻ അങ്ങ് പ്രാപ്തനാക്കിയല്ലോ. ഈ വിശുദ്ധന്റെ (യുടെ) വിജയദിനം ആഘോഷിക്കുന്ന ഞങ്ങൾ, അങ്ങേ സംരക്ഷണത്താൽ, ശത്രുവിന്റെ കെണികളുടെമേൽ അജയ്യരായി നിലനില്ക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അർപ്പിച്ച ഈ കാഴ്ചദ്രവ്യങ്ങൾ, അങ്ങയുടെ ആശീർവാദത്താൽ പവിത്രീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങേ സ്നേഹാഗ്നിയാൽ വിശുദ്ധ N. സകല ശാരീരിക പീഡനങ്ങളും തരണംചെയ്തുവല്ലോ. അതേ സ്നേഹാഗ്നി, അങ്ങേ കൃപയാൽ, ഞങ്ങളെയും ഉജ്ജ്വലിപ്പിക്കുമാറാകട്ടെ. കർത്താവായ...

അഥവാ

കർത്താവേ, രക്തസാക്ഷിയായ അങ്ങേ വിശുദ്ധൻ N. ന്റെ (വിശുദ്ധ N. യുടെ)സ്മരണാഘോഷത്തിൽ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന കാണിക്കകൾ അങ്ങേക്ക് സ്വീകാര്യമായിത്തീരട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. ഈ പുണ്യവാൻ (പുണ്യവതി) ചൊരിഞ്ഞ രക്തം അങ്ങേ തിരുമുമ്പിൽ അമൂല്യമായിരുന്നതുപോലെ, ഈ കാണിക്കകളും അങ്ങേ മഹിമയ്ക്ക് പ്രീതികരമായിത്തീരുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം

Cf. മത്താ 16, 24

കർത്താവ് അരുൾചെയ്യുന്നു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അവൻ തന്നത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.

അഥവാ

മത്താ 10, 39

കർത്താവ് അരുൾചെയ്യുന്നു: എന്നെപ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ, നിത്യമായി അതു കണ്ടെത്തും.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, രക്തസാക്ഷിയായ അങ്ങേ വിശുദ്ധ N. ന്റെ, ആത്മധൈര്യം അദ്ദേഹത്തെ അങ്ങേ ശുശ്രൂഷയിൽ വിശ്വസ്തനും പീഡാസഹനത്തിൽ വിജയിയും ആക്കിത്തീർത്തുവല്ലോ. ഞങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ, അതേ ആത്മധൈര്യം ഞങ്ങൾക്കും പ്രദാനം ചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**2**

## പ്രവേശകപ്രഭണിതം

ക്രിസ്തുവിന്റെ നാമത്തെപ്രതി, തന്റെ രക്തം ചൊരിഞ്ഞ വനും വിധികർത്താക്കളുടെ ഭീഷണികൾ ഭയപ്പെടാത്തവനും, എന്നാൽ, സ്വർഗരാജ്യത്തിലേക്ക് എത്തിച്ചേർന്നവനുമായ യഥാർഥ രക്തസാക്ഷി ഇതാണ്.

അഥവാ **Cf. ഫിലി 3, 8-10**

ക്രിസ്തുവിനെ അറിയാനും അവിടത്തെ മരണത്തോട് താദാത്മ്യപ്പെട്ട്, അവിടത്തെ സഹനത്തിൽ പങ്കുചേരാനും വേണ്ടി അദ്ദേഹം സകലതും നഷ്ടപ്പെടുത്തി.

## സമിതിപ്രാർഥന

സർവശക്തനും നിത്യനുമായ ദൈവമേ, വിശുദ്ധ N. നീതിക്കുവേണ്ടി മരണത്തോളം പോരാടാൻ അങ്ങ് അനുഗ്രഹം നല്കിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ സ്നേഹത്തെ പ്രതി, എല്ലാ വിപത്തുകളും സഹിക്കാനും സർവശക്തിയോടെ, ജീവൻതന്നെയായ അങ്ങിലേക്ക് ഓടിയണയാനും ഞങ്ങൾക്കിടയാക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കരുണാവാരിധിയായ ദൈവമേ, ഈ കാണിക്കകളിൽ അങ്ങേ ആശീർവാദം ചൊരിയുകയും വിശുദ്ധ N. രക്തം ചിന്തി സാക്ഷ്യം വഹിച്ച വിശ്വാസത്തിൽ ഞങ്ങളെ സ്ഥിരീകരിക്കുകയും ചെയ്യണമേ. കർത്താവായ...

അഥവാ

കർത്താവേ, ക്രിസ്തുശരീരത്തിന്റെ ഐക്യത്തിൽനിന്ന് അങ്ങേ രക്തസാക്ഷിയായ N. നെ ഒരു പ്രലോഭനവും വേർപെടുത്തിയില്ലല്ലോ. അദ്ദേഹത്തിന്റെ സ്മരണാഘോഷത്തിനായി ഞങ്ങളുങ്ങേക്ക് ഈ കാഴ്ചദ്രവ്യങ്ങൾ സമർപ്പിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. യോഹ 15, 5**

കർത്താവ് അരുൾചെയ്യുന്നു: ഞാൻ യഥാർഥ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്; ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ഏറെ ഫലം പുറപ്പെടുവിക്കും.

അഥവാ **യോഹ 8, 12**

കർത്താവ് അരുൾചെയ്യുന്നു: എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല, അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും.

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ദിവ്യരഹസ്യങ്ങളാൽ നവീകൃതരായി ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശുദ്ധ N.ന്റെ വിസ്മയകരമായ സ്ഥിരത അനുകരിച്ചുകൊണ്ട്, സഹനത്തിന്റെ നിത്യസമ്മാനം പ്രാപിക്കാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

# II പെസഹാക്കാലത്ത്

## A. ഒന്നിലധികം രക്തസാക്ഷികൾ

### 1

**പ്രവേശകപ്രഭണിതം** **Cf. മത്താ 25, 34**

എന്റെ പിതാവാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസംസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ, അല്ലേലൂയാ.

അഥവാ **Cf. വെളി 7, 13-14**

ഇവരാണ് വെള്ളയങ്കിയണിഞ്ഞവർ; ഇവർ വലിയ ഞെരുക്കത്തിൽനിന്നു വന്നവരും കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകിയവരുമാണ്, അല്ലേലൂയാ.

## സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ വചനത്തിനും ക്രിസ്തു സാക്ഷ്യത്തിനുംവേണ്ടി, ജീവനർപ്പിക്കാൻ രക്തസാക്ഷികളായ വിശുദ്ധർ N. നും N. നും അങ്ങ് അനുഗ്രഹം നല്കിയല്ലോ. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, വിശ്വാസത്തോട് വിധേയപ്പെട്ടവരും വിശ്വാസപ്രഖ്യാപനത്തിൽ ധീരരുമാകാൻ അങ്ങ് ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, അങ്ങിൽനിന്നാണല്ലോ വിശ്വാസം, സ്ഥിരതയും ബലഹീനത, ശക്തിയും നേടുന്നത്. രക്തസാക്ഷികളായ N. ന്റെയും N. ന്റെയും മാതൃകയാലും പ്രാർഥനകളാലും അങ്ങേ ഏകജാതന്റെ പീഡാസഹനത്തിലും ഉത്ഥാനത്തിലും പങ്കുചേരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങനെ, അവരോടൊത്ത്, അങ്ങേ സന്നിധിയിൽ സമ്പൂർണാനന്ദം ഞങ്ങൾ പ്രാപിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ നീതിമാന്മാരുടെ അമൂല്യമായ മരണത്തിൽ, എല്ലാ രക്തസാക്ഷിത്വത്തിന്റെയും ആരംഭമായ ഈ ബലി ഞങ്ങളർപ്പിക്കുന്നു. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — Cf. വെളി 2, 7

വിജയംവരിക്കുന്നവന് എന്റെ ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിൽനിന്ന് ഭക്ഷിക്കാൻ കൊടുക്കും, അല്ലേലൂയാ.

അഥവാ — Cf. സങ്കീ 32, 1

നീതിമാന്മാരേ, കർത്താവിൽ ആനന്ദിക്കുവിൻ; സ്തോത്രാലാപനം നീതിമാന്മാർക്ക് യുക്തമാണല്ലോ, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, രക്തസാക്ഷികളായ വിശുദ്ധർ N. ന്റെയും N. ന്റെയും സ്വർഗീയ വിജയം ഈ ദിവ്യവിരുന്നാൽ ആഘോഷിച്ചു കൊണ്ട്, അങ്ങയോട് ഞങ്ങൾ യാചിക്കുന്നു. അങ്ങനെ, ഇവിടെ ജീവന്റെ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നവർക്ക് അങ്ങ് വിജയംനല്കു കയും വിജയംവരിക്കുന്നവർക്ക് പറുദീസയിൽ ജീവവൃക്ഷത്തിൽനിന്ന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യണമേ. കർത്താവായ...

**2**

## പ്രവേശകപ്രഭണിതം — Cf. വെളി 12,11

കുഞ്ഞാടിന്റെ രക്തത്തെപ്രതി വിജയംവരിച്ചവരും തങ്ങളുടെ ജീവൻ മരണത്തോളം അർപ്പിക്കുന്നതിൽനിന്ന് പിൻമാറാത്തവരു മായ വിശുദ്ധരാണിവർ. ആയതിനാൽ ക്രിസ്തുവിനോടുകൂടെ അവർ നിത്യമായി വാണരുളുന്നു, അല്ലേലൂയാ.

അഥവാ — Cf. മത്താ 25, 34

വിശുദ്ധരേ, കുഞ്ഞാടിന്റെ മുമ്പിൽ നിങ്ങൾ സന്തോഷിക്കുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി രാജ്യം സജ്ജമാക്കപ്പെ ട്ടിരിക്കുന്നു, അല്ലേലൂയാ.

## സമിതിപ്രാർഥന

കർത്താവേ, അങ്ങേ ഏകജാതന്റെ പീഡാസഹനവും ഉത്ഥാനവും സ്വതന്ത്രമനസ്സോടെ ഏറ്റുപറഞ്ഞുകൊണ്ട്, മഹ ത്വമേറിയ മരണത്തിൽ അമൂല്യമായ രക്തംചിന്താൻ രക്തസാ ക്ഷികളായ അങ്ങേ വിശുദ്ധർ N. നെയും N. നെയും അങ്ങ് ഇടയാ ക്കിയല്ലോ. അവരുടെ മഹത്വമേറിയ ആഘോഷം ഞങ്ങളെ സന്തോഷിപ്പിക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടു കൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങൾ സമർപ്പിച്ച ഈ കാണിക്കകൾ തെളിവാർന്ന കാരുണ്യത്തോടെ അങ്ങ് കടാക്ഷിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ ഈ കാണിക്കകൾ സംപൂരിതമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളിൽ ആ സ്നേഹം ഉത്തേജിപ്പിക്കുകയും ചെയ്യണമേ. ഈ സ്നേഹത്താലാണല്ലോ, രക്തസാക്ഷികളായ N. ഉം N. ഉം, എല്ലാ ശാരീരിക പീഡനങ്ങളും തരണംചെയ്തത്. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം Cf. 2 തിമോ 2, 11-12

നാം ക്രിസ്തുവിനോടുകൂടെ മരിച്ചിട്ടുണ്ടെങ്കിൽ, അവിടത്തോടുകൂടെ ജീവിക്കും; നാം ഉറച്ചുനില്ക്കുമെങ്കിൽ, അവിടത്തോടുകൂടെ വാഴും, അല്ലേലൂയാ.

അഥവാ Cf. മത്താ 5, 12

നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; എന്തെന്നാൽ, സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും, അല്ലേലൂയാ.

### ദിവ്യഭോജനപ്രാർഥന

കർത്താവേ, രക്തസാക്ഷികളായ വിശുദ്ധർ N. ന്റെയും N. ന്റെയും സ്മരണാഘോഷത്തിൽ, ഒരേ അപ്പത്തിന്റെ ഭോജനത്താൽ നവീകൃതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, അങ്ങേ സ്നേഹത്തിൽ ഞങ്ങളെ സദാ സ്ഥിരീകരിക്കുകയും നവജീവനിൽ ചരിക്കാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

## B. ഒരു രക്തസാക്ഷി

### പ്രവേശകപ്രഭണിതം Cf. 4 എസ്രാ 2, 35

കർത്താവേ, നിത്യവെളിച്ചം അങ്ങേ വിശുദ്ധരുടെമേൽ അനവരതം പ്രകാശിക്കും, അല്ലേലൂയാ.

അഥവാ

പോരാട്ടദിനത്തിൽ, ദൈവം ഉപേക്ഷിക്കാത്തവനാണ് ഈ മനുഷ്യൻ; അവൻ വിജയകിരീടമണിയുന്നു. എന്തെന്നാൽ, അദ്ദേഹം കർത്താവിന്റെ കല്പനകൾ വിശ്വസ്തതയോടെ പാലിച്ചു, അല്ലേലൂയാ.

## സമിതിപ്രാർഥന

ദൈവമേ, അങ്ങേ സഭയെ പ്രകാശിപ്പിക്കാൻ, വിശുദ്ധ N. നെ രക്തസാക്ഷിത്വത്തിന്റെ വിജയംകൊണ്ട് അലങ്കരിക്കാൻ അങ്ങ് തിരുമനസ്സായല്ലോ. കർത്താവിന്റെ പീഡാസഹനം അദ്ദേഹം അനുകരിച്ചതുപോലെ, ഞങ്ങളും അദ്ദേഹത്തിന്റെ കാലടികൾ പിഞ്ചെന്നുകൊണ്ട്, നിത്യാനന്ദത്തിലേക്ക് എത്തിച്ചേരാൻ അർഹത കാരുണ്യപൂർവം ഞങ്ങൾക്കു നല്കുമാറാണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, രക്തസാക്ഷിയായ വിശുദ്ധ N. ന്റെ സ്മരണയിൽ, അങ്ങേ മഹിമക്കായി ഞങ്ങളർപ്പിക്കുന്ന അനുരഞ്ജനത്തിന്റെയും സ്തുതിയുടേതുമായ ഈ ബലി സ്വീകരിക്കണമേ. അങ്ങനെ, ഈ ബലി ഞങ്ങളെ പാപമോചനത്തിലേക്കു നയിക്കുകയും നിത്യമായ കൃതജ്ഞതാ പ്രകാശനത്തിൽ സ്ഥിരീകരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — യോഹ 12, 24

ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ, അത് അതേപടിയിരിക്കും; അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും, അല്ലേലൂയാ.

**അഥവാ** — **സങ്കീ 115, 15**

തന്റെ വിശുദ്ധരുടെ മരണം കർത്താവിന്റെ മുമ്പിൽ അമൂല്യമാണ്, അല്ലേലൂയാ.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഇന്നത്തെ ആഘോഷത്തിൽ ആനന്ദിച്ചുകൊണ്ട്, അങ്ങേ സ്വർഗീയദാനങ്ങൾ സ്വീകരിച്ച ഞങ്ങൾ പ്രാർഥിക്കുന്നു. ഈ ദിവ്യവിരുന്നിൽ അങ്ങേ പുത്രന്റെ മരണം പ്രഖ്യാപിക്കുന്ന ഞങ്ങളെ വിശുദ്ധരായ രക്തസാക്ഷികളോടൊത്ത്, അവിടത്തെ ഉത്ഥാനത്തിലും മഹത്ത്വത്തിലും പങ്കുകാരാകാൻ അർഹരാക്കണമേ. കർത്താവായ...

# III പ്രേഷിതരായ രക്തസാക്ഷികൾ

## A. ഒന്നിലധികം പ്രേഷിതരായ രക്തസാക്ഷികൾ

**പ്രവേശകപ്രഭണിതം** **Cf. ഗലാ 6, 14; 1 കോറി 1, 18**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും ഞങ്ങൾ അഭിമാനിക്കാതിരിക്കട്ടെ; എന്തെന്നാൽ, രക്ഷിക്കപ്പെട്ട ഞങ്ങൾക്ക്, കുരിശിന്റെ വചനം ദൈവത്തിന്റെ ശക്തിയാണ്. (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, അങ്ങേ മഹിമയുടെ കാരുണ്യത്തിനായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, രക്തസാക്ഷികളായ വിശുദ്ധർ N. ന്റെയും N. ന്റെയും സുവിശേഷപ്രഘോഷണംവഴി, അങ്ങേ ഏകജാതന്റെ ജ്ഞാനം ജനങ്ങളുടെ ഹൃദയങ്ങളിൽ ചൊരിഞ്ഞതുപോലെ, അവരുടെ മാധ്യസ്ഥ്യത്താൽ, ഞങ്ങൾ വിശ്വാസസ്ഥിരതയാൽ ദൃഢീകരിക്കപ്പെടുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ ഏകജാതൻ രക്തസാക്ഷികളെ വാക്കാൽമാത്രം ഉത്തേജിപ്പിക്കുന്നതിൽ തൃപ്തനാകാതെ മാതൃകയാലും അവരെ സ്ഥിരീകരിച്ചുവല്ലോ. അങ്ങേ രക്തസാക്ഷികളായ N. ന്റെയും N. ന്റെയും പീഡാസഹനം ആദരിച്ചുകൊണ്ട്, ഈ ബലിവഴി, ഏകജാതന്റെ മരണം ഞങ്ങൾ സമുചിതം പ്രഘോഷിക്കാൻ ഇടയാക്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 5, 10**

നീതിക്കുവേണ്ടി പീഡനമേല്ക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

**അഥവാ** **മത്താ 10, 32**

കർത്താവ് അരുൾചെയ്യുന്നു: മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ, എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും (പെസഹാക്കാലത്ത്, അല്ലേലൂയാ)

### ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയാനന്ദത്താൽ പരിപോഷിതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. വിശുദ്ധരായ N. ന്റെയും N. ന്റെയും മാതൃകയാൽ, അങ്ങേ പുത്രന്റെ സ്നേഹത്തിന്റെയും പീഡാസഹനത്തിന്റെയും അടയാളം ഞങ്ങളുടെ മാനസങ്ങളിൽ ഞങ്ങൾ വഹിക്കുകയും നിത്യമായ സമാധാനത്തിന്റെ ഫലം എന്നും അനുഭവിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## B. പ്രേഷിതനായ ഒരു രക്തസാക്ഷി

### പ്രവേശകപ്രഭണിതം — Cf. ഫിലി 2, 30

ഈ വിശുദ്ധൻ ക്രിസ്തുവിന്റെ പ്രവൃത്തിയെപ്രതി തന്റെ ജീവൻ വിനാശത്തിലേക്ക് വിട്ടുകൊടുത്തുകൊണ്ട്, മരണത്തോളമെത്തി (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, വിശ്വാസപ്രചാരണത്തിനായി വിശുദ്ധ N. രക്തസാക്ഷിത്വകിരീടത്തിന് അർഹത നേടിയല്ലോ. അതേ വിശ്വാസം ഞങ്ങളും അനുയുക്തമായ ഭക്തിയോടെ പിഞ്ചെല്ലാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ N. ന്റെ രക്തസാക്ഷിത്വം അനുസ്മരിച്ചുകൊണ്ട്, ഞങ്ങളുടെ ഈ കാണിക്കകൾ അങ്ങയുടെ അൾത്താരയിൽ ഞങ്ങൾ സമർപ്പിക്കുന്നു. കർത്താവിന്റെ പീഡാസഹനരഹസ്യങ്ങൾ ആഘോഷിക്കുന്ന ഞങ്ങൾ അനുഷ്ഠിക്കുന്നത് അനുകരിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം — മർക്കോ 8, 35

കർത്താവ് അരുൾചെയ്യുന്നു: ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയവിരുന്ന് ആഘോഷിച്ചുകൊണ്ട് അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, മഹത്തായ വിശ്വാസത്തിന്റെ മാതൃക പിഞ്ചെല്ലാൻ, രക്തസാക്ഷിയായ വിശുദ്ധ N. ന്റെ സ്മരണ ഞങ്ങളെ ഉത്തേജിപ്പിക്കുകയും അദ്ദേഹത്തിന്റെ സമുചിതമായ പ്രാർഥന നയിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## IV. രക്തസാക്ഷിണിയായ കന്യക

### പ്രവേശകപ്രഭണിതം

ഇതാ, ഊർജസ്വലയായ കന്യകയും പാതിവ്രത്യത്തിന്റെ ബലിയർപ്പണവും ശുദ്ധതയുടെ ബലിവസ്തുവുമായ ഈ പുണ്യവതി നമുക്കുവേണ്ടി ക്രൂശിതനായ കുഞ്ഞാടിനെ ഇപ്പോൾ അനുഗമിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ

ഭാഗ്യവതിയായ കന്യക, തന്നത്തന്നെ പരിത്യജിക്കുകയും തന്റെ കുരിശെടുക്കുകയും ചെയ്തുകൊണ്ട്, കന്യകമാരുടെ മണവാളനും രക്തസാക്ഷികളുടെ രാജകുമാരനുമായ കർത്താവിനെ അനുകരിച്ചു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ N. യുടെ വാർഷികസ്മരണയാൽ ഈ ദിനം ഞങ്ങളെ അങ്ങ് ആനന്ദിപ്പിക്കുന്നുവല്ലോ. ഈ പുണ്യവതിയുടെ ശുദ്ധതയുടെയും ധീരതയുടെയും മാതൃകയാൽ ഞങ്ങൾ പ്രശോഭിതരാകട്ടെ. അങ്ങനെ, ഈ കന്യകയുടെ പുണ്യയോഗ്യതകളാൽ ഞങ്ങൾ തുണയ്ക്കപ്പെടാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ N. യുടെ ആഘോഷത്തിൽ ഈ കാണിക്കകൾ ഞങ്ങൾ സമർപ്പിക്കുന്നു. ഈ പുണ്യവതിയുടെ പീഡാസഹന പോരാട്ടം അങ്ങേക്ക് പ്രീതികരമായിത്തീർന്നതുപോലെ, കൃപാനിധിയായ അങ്ങേക്ക് ഈ കാണിക്കകളും സ്വീകാര്യമായി ഭവിക്കുമാറാകണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **വെളി. 7,17**

സിംഹാസനമധ്യത്തിലിരിക്കുന്ന കുഞ്ഞാട് അവരെ ജീവ ജലത്തിന്റെ ഉറവകളിലേക്കു നയിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

ദൈവമേ, വിശുദ്ധരുടെ മധ്യേ വിശുദ്ധ N. യെ കന്യാത്വത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയുമായ ദ്വിവിധ വിജയത്താൽ അങ്ങ് കിരീടമണിയിച്ചുവല്ലോ. ഈ കൂദാശയുടെ ശക്തിയാൽ, എല്ലാ തിന്മകളും ധീരതയോടെ തരണം ചെയ്ത്, സ്വർഗീയമഹത്ത്വം പ്രാപിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## V. പുണ്യവതിയായ രക്തസാക്ഷിണി

**പ്രവേശകപ്രഭണിതം**

ഈ ലോകജീവിതം നിന്ദ്യമായി കരുതുകയും സ്വർഗീയ സമ്മാനങ്ങളിലേക്ക് എത്തിച്ചേരുകയും കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകുകയും ചെയ്ത ഈ പുണ്യവതികൾക്കാണ് യഥാർഥത്തിൽ സ്വർഗാജ്യം (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ദൈവമേ, അങ്ങേ ദാനത്താൽ ബലഹീനതയിൽ ശക്തി പൂർണമാകുന്നുവല്ലോ. വിജയം വരിക്കാൻ അങ്ങിൽനിന്ന് ശക്തി സ്വീകരിച്ച വിശുദ്ധ N. യുടെ മഹത്ത്വം അനുസ്മരിക്കുന്ന എല്ലാവർക്കും, വിജയത്തിന്റെ കൃപാവരം ഈ പുണ്യവതി ഞങ്ങൾക്കായി അങ്ങിൽനിന്ന് സദാ സംലഭ്യമാക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ഇന്നത്തെ ഈ ബലി സന്തോഷത്തോടെ ഞങ്ങളർപ്പിക്കുന്നു. വിശുദ്ധ N. ന്റെ സ്വർഗീയവിജയം അനുസ്മരിച്ചുകൊണ്ട് അർപ്പിക്കുന്ന ഈ ബലി വഴി, അങ്ങേ വിസ്മയനീയ പ്രവൃത്തികൾ ഞങ്ങൾ പ്രഘോഷിക്കുകയും ഈ പുണ്യവതിയുടെ മഹത്ത്വപൂർണമായ മാധ്യസ്ഥ്യം ഞങ്ങൾക്കു ലഭിച്ചിരിക്കുന്നതിൽ ആനന്ദിക്കുകയും ചെയ്യുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **വെളി 12, 11–12**

മരണത്തോളം അവർ തങ്ങളുടെ ജീവനെ സ്നേഹിക്കാൻ കൂട്ടാക്കിയില്ല; ആകയാൽ സ്വർഗമേ, അതിൽവസിക്കുന്നവരേ, ആനന്ദിക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഈ കൂദാശയുടെ പങ്കാളിത്തത്തിലൂടെയും വിശുദ്ധ N. ന്റെ സ്മരണാഘോഷത്തിലൂടെയും നിത്യാനന്ദം സ്വീകരിച്ചുകൊണ്ട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങേ ദാനത്താൽ തീക്ഷ്ണമായ ശുശ്രൂഷയിലൂടെ അനുഷ്ഠിക്കുന്നവ, അങ്ങേ കൃപയാൽ, സമുചിതമായ മനസ്സോടെ ഞങ്ങൾ ഗ്രഹിക്കുമാറാകട്ടെ. കർത്താവായ...

# അജപാലകരുടെ പൊതുപ്രാർഥനകൾ

## I. പാപ്പാ അഥവാ മെത്രാൻ

### പ്രവേശക പ്രഭണിതം

കർത്താവ് അവനെ തനിക്കുവേണ്ടി മഹാപുരോഹിതനായി തിരഞ്ഞെടുക്കുകയും തന്റെ നിക്ഷേപം തുറന്നുകൊണ്ട്, എല്ലാ നന്മകളുംകൊണ്ട് അവനെ സമ്പന്നനാക്കുകയും ചെയ്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. പ്രഭാ 50, 1; 44, 16.22**

ഇതാ, തന്റെ ദിനങ്ങളിൽ ദൈവത്തെ പ്രീതിപ്പെടുത്തിയ പ്രധാന പുരോഹിതൻ; ആകയാൽ, തന്റെ വാഗ്ദാനമനുസരിച്ച്, തന്റെ ജനത്തിനുവേണ്ടി, അവൻ വളരാൻ കർത്താവ് ഇടയാക്കി (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

**പാപ്പായ്ക്കുവേണ്ടി:**

സർവശക്തനും നിത്യനുമായ ദൈവമേ, വിശുദ്ധ N. നെ അങ്ങേ ജനം മുഴുവന്റെയുംമേൽ ആധ്യക്ഷ്യം വഹിക്കാനും വാക്കാലും മാതൃകയാലും അവർക്ക് നേതൃത്വം നല്കാനും അങ്ങ് നിയോഗിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ സഭയുടെ അജപാലകരെ, അവരെ ഭരമേല്പിച്ചിരിക്കുന്ന അജഗണത്തോടൊപ്പം കാത്തുപരിപാലിക്കുകയും നിത്യരക്ഷയുടെ വഴിയിലൂടെ നയിക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

**മെത്രാനുവേണ്ടി:**

ദൈവമേ, വിശുദ്ധ N. നിൽ നല്ലിടയന്റെ മാതൃക അങ്ങേ സഭയ്ക്കു നല്കാൻ തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ മേച്ചിൽസ്ഥലത്ത് നിത്യമായൊരിടം നേടാൻ ഞങ്ങൾ അർഹരാകണമെന്ന് കാരുണ്യപൂർവം പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ ഈ ബലി സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശുദ്ധ N. ന്റെ വണക്കത്തിൽ അങ്ങേ മഹത്ത്വത്തിനായി അർപ്പിക്കപ്പെടുന്നത് ഞങ്ങൾക്ക് നിത്യ രക്ഷയ്ക്ക് ഹേതുവായിത്തീരാൻ അനുഗ്രഹിക്കണമേ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം Cf. യോഹ 10, 11

നല്ലിടയൻ തന്റെ ആടുകൾവേണ്ടി തന്റെ ജീവനർപ്പിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, വിശുദ്ധ N. സ്നേഹാഗ്നിയാൽ തീക്ഷ്ണതയോടെ എരിഞ്ഞ് അങ്ങേ സഭയ്ക്കുവേണ്ടി തന്നെത്തന്നെ സദാ അർപ്പിച്ചുവല്ലോ. ഞങ്ങൾ സ്വീകരിച്ച ഈ കൂദാശ ഞങ്ങളിൽ അതേ സ്നേഹാഗ്നി ഉജ്ജ്വലിപ്പിക്കുമാറാകട്ടെ. കർത്താവായ...

**2**

### പ്രവേശകപ്രഭണിതം Cf. പ്രഭാ 45, 30

പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത എന്നേക്കും അവനുണ്ടാകുന്നതിന്, കർത്താവ് അവനുവേണ്ടി സമാധാനത്തിന്റെ ഉടമ്പടി സ്ഥാപിക്കുകയും അവനെ രാജകുമാരനാക്കുകയും ചെയ്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

**പാപ്പായ്ക്കുവേണ്ടി:**

ദൈവമേ, വിസ്മയകരമായ പുണ്യത്തിലും അത്യുജ്ജ്വലമായ ഉദ്ബോധനത്തിലും പ്രശോഭിക്കുന്ന വിശുദ്ധ N., മുഴുവൻ സഭയുടെയും ഇടയനാകാൻ അങ്ങ് ഇടയാക്കിയല്ലോ. ഇപ്രകാരമുള്ള ഒരു മെത്രാന്റെ പുണ്യയോഗ്യതകൾ വണങ്ങുന്ന ഞങ്ങൾക്ക്, മനുഷ്യരുടെ മുമ്പിൽ സത് പ്രവൃത്തികൾവഴി പ്രശോഭിക്കാനും അങ്ങേ മുമ്പിൽ സ്നേഹംവഴി ഉജ്ജ്വലിക്കാനുമുള്ള പ്രാപ്തി നല്കുമാറാകണമേ. അങ്ങയോടുകൂടെ...

### പാപ്പായ്ക്കുവേണ്ടി:

ദൈവമേ, വിശുദ്ധ N. നെ പത്രോസിന്റെ വികാരിയാക്കി ത്തീർക്കുകയും സാർവത്രികസഭയുടെ ശുശ്രൂഷയ്ക്കായി നിയോഗി ക്കുകയും ചെയ്തുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ പ്രിയ അജഗണത്തെ സദാ പരിപാലിക്കണമേ. അങ്ങനെ, സമഗ്ര വിശ്വാസത്താലും പരിപൂർണസ്നേഹത്താലും അങ്ങേ സഭ പിതൃദേശത്തേക്ക് മുന്നേറുമാറാകട്ടെ. അങ്ങയോടുകൂടെ...

### മെത്രാനുവേണ്ടി

സർവശക്തനായ ദൈവമേ, മെത്രാനായ വിശുദ്ധ N. ന്റെ സ്മരണ സമുചിതം വണങ്ങാനും അദ്ദേഹം ആധ്യക്ഷ്യം വഹിച്ചവരെ വാക്കാലും മാതൃകയാലും നയിക്കാൻ അങ്ങിടയാക്കിയതുപോലെ, അങ്ങേ മുമ്പിൽ അദ്ദേഹത്തിന്റെ മാധ്യസ്ഥ്യസഹായം സദാ ഞങ്ങൾ അനുഭവിക്കാനും അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഈ ബലിയർപ്പിക്കുന്നതുവഴിയാണല്ലോ അങ്ങ് ലോകം മുഴുവന്റെയും പാപക്കറകൾ നീക്കിക്കളയുന്നത്. വിശുദ്ധ N. ന്റെ ഈ വാർഷികാഘോഷത്തിൽ അർപ്പിക്കുന്ന ഈ ബലി ഞങ്ങൾക്ക് ഉപകരിക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

### ദിവ്യഭോജനപ്രഭണിതം — Cf. യോഹ 21, 17

കർത്താവേ, നീ എല്ലാം അറിയുന്നു; ഞാൻ നിന്നെ സ്നേഹി ക്കുന്നുവെന്നു നീ അറിയുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവായ ദൈവമേ, വിശുദ്ധ N. ന്റെ ഈ ആഘോഷ ത്തിൽ, സ്വീകരിച്ച ദാനങ്ങളുടെ ശക്തി ഞങ്ങളിൽ സമൃദ്ധമായ ഫലമുളവാക്കട്ടെ. അങ്ങനെ, അത് നശ്വരജീവിതത്തിന് സഹായം നല്കുകയും ശാശ്വതാനന്ദത്തിന്റെ സന്തോഷം സംലഭ്യമാക്കു കയും ചെയ്യുമാറാകട്ടെ. കർത്താവായ...

## II. മെത്രാനുവേണ്ടി

### 1

**പ്രവേശകപ്രഭണിതം** **Cf. എസെ 34, 11. 23-24**

കർത്താവ് അരുൾചെയ്യുന്നു, ഞാൻ എന്റെ ആടുകളെ സന്ദർശിക്കുകയും അവയെ മേയ്ക്കുന്ന ഒരിടയനെ നിയോഗിക്കുകയും ചെയ്യും; കർത്താവായ ഞാൻ അവരുടെ ദൈവമായിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. ലൂക്കാ 12, 42**

യഥാസമയം ആവശ്യമായ ഭക്ഷണം കൊടുക്കേണ്ടതിന് കർത്താവ് തന്റെ കുടുംബത്തിനുമേൽ നിയമിച്ച ഇവനാണ് വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, മെത്രാനായ വിശുദ്ധ N. നെ അങ്ങേ വിശുദ്ധ ജനത്തിനുമേൽ ആധ്യക്ഷ്യം വഹിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ പുണ്യയോഗ്യതകളാൽ അങ്ങേ കാരുണ്യത്തിന്റെ കൃപ ഞങ്ങളുടെമേൽ ചൊരിയണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

അഥവാ

സർവശക്തനും നിത്യനുമായ ദൈവമേ, വിശുദ്ധ N. നെ അങ്ങേ തിരുസഭയ്ക്ക് മെത്രാനായി അങ്ങു നല്കിയല്ലോ. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ അദ്ദേഹം പഠിപ്പിച്ചത് ഞങ്ങളുടെ ഹൃദയങ്ങളിൽ എന്നും നിലനിർത്താനും അങ്ങേ സഹായത്താൽ, അദ്ദേഹത്തെ മധ്യസ്ഥനായി ഞങ്ങൾ ആശ്ലേഷിക്കാനും അങ്ങേ കാരുണ്യത്തിനുമുമ്പിൽ സംരക്ഷകനായി ഞങ്ങൾക്കു ലഭിക്കാനും അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ N. ന്റെ തിരുനാളിൽ വിശുദ്ധ അൾത്താരയിൽ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ ബലിവസ്തുക്കൾ കാരുണ്യപൂർവം കടാക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഞങ്ങൾക്കു പാപമോചനം പ്രദാനം ചെയ്തുകൊണ്ട്, അവ അങ്ങേ നാമത്തിനു മഹത്ത്വം നല്കുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം — Cf. യോഹ 15, 16

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല; പ്രത്യുത, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത്; നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനുംവേണ്ടിയാണത് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ — Cf. ലൂക്കാ 12, 36-37

തന്റെ യജമാനൻ വന്നു വാതിലിൽ മുട്ടുമ്പോൾ, ജാഗ്രതയോടെ ഉണർന്നിരിക്കുന്നവനായി കാണുന്ന ഭൃത്യൻ ഭാഗ്യവാൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ദിവ്യരഹസ്യങ്ങളാൽ നവീകൃതരായി, ഞങ്ങൾ കേണപേക്ഷിക്കുന്നു. വിശുദ്ധ N. ന്റെ മാതൃകയാൽ, അദ്ദേഹം വിശ്വസിച്ചവ ഏറ്റുപറയാനും അദ്ദേഹം പഠിപ്പിച്ചവ പ്രാവർത്തികമാക്കാനും ഞങ്ങൾ പരിശീലിക്കുമാറാകട്ടെ. കർത്താവായ...

## 2

### പ്രവേശകപ്രഭണിതം — Cf. 1 സാമു 2, 35

കർത്താവ് അരുൾചെയ്യുന്നു: എന്റെ ഹൃദയാഭിലാഷമനുസരിച്ചു പ്രവർത്തിക്കുന്ന വിശ്വസ്തനായ ഒരു പുരോഹിതനെ എനിക്കുവേണ്ടി ഞാൻ നിയോഗിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ — Cf. ലൂക്കാ 12, 42

യഥാസമയം ആവശ്യമായ ഭക്ഷണം കൊടുക്കേണ്ടതിന് പിതാവിന്റെ വലിയ കുടുംബത്തിനുമേൽ നിയോഗിക്കപ്പെട്ടവൻ വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥനാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

## സമിതിപ്രാർഥന

ദൈവമേ, ദിവ്യസ്നേഹത്താൽ കത്തിജ്ജ്വലിക്കുന്നവനും ലോകത്തെ വെല്ലുന്ന വിശ്വാസത്തിൽ നിസ്തുലനുമായ വിശുദ്ധ N. നെ വിശുദ്ധരായ അജപാലകരോടുകൂടെ വിസ്മയകരമായി അങ്ങ് ഉൾപ്പെടുത്തിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ ഞങ്ങളും, വിശ്വാസത്തിലും സ്നേഹത്തിലും നിലനിന്നുകൊണ്ട്, അദ്ദേഹത്തിന്റെ മഹത്ത്വത്തിൽ പങ്കാളികളായിത്തീരാനുള്ള അർഹത നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

അഥവാ

കർത്താവായ ദൈവമേ, വിശുദ്ധ N. സ്വർഗീയ പഠനങ്ങളാൽ സംപൂരിതനാകാൻ അങ്ങ് തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അതേ പഠനങ്ങൾ വിശ്വസ്തതയോടെ കാത്തുപാലിക്കാനും ജീവിതത്തിലൂടെ ഏറ്റുപറയാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ N. ന്റെ തിരുനാളിൽ ഞങ്ങളങ്ങേക്ക് അർപ്പിക്കുന്ന, അങ്ങേ ജനത്തിന്റെ ഈ കാണിക്കകൾ സ്വീകരിക്കണമേ. അങ്ങനെ, അവവഴി ഞങ്ങൾ പ്രത്യാശിക്കുന്നതുപോലെ, അങ്ങേ കാരുണ്യത്തിന്റെ സഹായം ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രണിതം — യോഹ 10, 10

കർത്താവ് അരുൾചെയ്യുന്നു: ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ — മർക്കോ 16, 17-18

കർത്താവ് അരുൾചെയ്യുന്നു: വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും. അവർ പിശാചുക്കളെ ബഹിഷ്കരിക്കും. അവർ രോഗികളുടെമേൽ കൈകൾവയ്ക്കും, അവർ സുഖംപ്രാപിക്കുകയും ചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, തിരുശരീരത്തിന്റെയും വിലയേറിയ രക്തത്തിന്റെയും ഭോജനത്താൽനിറഞ്ഞ് ഞങ്ങൾ പ്രാർഥിക്കുന്നു. ഭക്ത്യാദരപൂർവം ഞങ്ങൾ അനുഷ്ഠിക്കുന്നത്, സുനിശ്ചിതമായ പരിത്രാണത്തിലൂടെ ഞങ്ങൾ കൈവരിക്കുമാറാകട്ടെ. കർത്താവായ...

## III അജപാലകർക്കുവേണ്ടി

## A. ഒന്നിലധികം അജപാലകർ

### പ്രവേശകപ്രഭണിതം — ജറെ 3, 15

എന്റെ ഹൃദയത്തിനടുത്ത ഇടയന്മാരെ ഞാൻ നിങ്ങൾക്കു നല്കുകയും അവർ ജ്ഞാനത്തോടും പ്രബോധനത്തോടുംകൂടെ നിങ്ങളെ പാലിക്കുകയും ചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ — Cf. ദാനി 3, 84.87

ദൈവത്തിന്റെ പുരോഹിതരേ, കർത്താവിനെ വാഴ്ത്തുവിൻ; വിശുദ്ധരേ, വിനീതഹൃദയരേ, ദൈവത്തെ പ്രകീർത്തിക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, (മെത്രാന്മാരായ) വിശുദ്ധരായ N. നെയും N. നെയും അങ്ങേ ജനത്തെ പാലിക്കുന്നതിനുവേണ്ടി സത്യത്തിന്റെയും സ്നേഹത്തിന്റെയും ചൈതന്യത്താൽ അങ്ങ് നിറച്ചുവല്ലോ. അവരുടെ തിരുനാൾ ഭക്തിപൂർവം ആഘോഷിക്കുന്ന ഞങ്ങൾ, അവരെ അനുകരിക്കുന്നതിലൂടെ അഭിവൃദ്ധിപ്രാപിക്കാനും അവരുടെ മാധ്യസ്ഥ്യസഹായം അനുഭവിച്ചറിയാനും അനുഗ്രഹിക്കുമാറാകണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ വിശുദ്ധരുടെ സ്മരണ ആചരിച്ചുകൊണ്ട് സ്തുതിയുടെ ഈ ബലിവസ്തുക്കൾ ഞങ്ങൾ അങ്ങേക്കർപ്പിക്കുന്നു. ഈ കാഴ്ചകൾവഴി ഇക്കാലയളവിലെയും വരുംകാലത്തെയും തിന്മകളിൽനിന്ന് മോചിതരാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 20, 28**

മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, മറിച്ച്, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി തന്റെ ജീവൻ കൊടുക്കാനുമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ വിശുദ്ധരായ N. ന്റെയും N. ന്റെയും സ്മരണ ആഘോഷിച്ചുകൊണ്ട് ഈ സ്വർഗീയകൂദാശ ഞങ്ങൾ സ്വീകരിച്ചുവല്ലോ. കാലികമായി ഞങ്ങൾ അനുഷ്ഠിക്കുന്നത് നിത്യാനന്ദത്തോടെ പ്രാപിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## B. ഒരു അജപാലകൻ

### 1

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 131, 9**

കർത്താവേ, അങ്ങേ പുരോഹിതർ നീതി ധരിക്കുകയും അങ്ങേ വിശുദ്ധർ ആഹ്ലാദിക്കുകയും ചെയ്യട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

സർവശക്തനായ ദൈവമേ, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു; (മെത്രാനായ) വിശുദ്ധ N. ന്റെ മധ്യസ്ഥതയാൽ, അങ്ങേ ദാനങ്ങൾ ഞങ്ങളിൽ അങ്ങ് വർധമാനമാക്കുകയും ഞങ്ങളുടെ ഈ കാലഘട്ടം സമാധാനത്തിൽ ക്രമീകരിക്കുകയും ചെയ്യണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, അങ്ങേ വിശുദ്ധ N. ന്റെ സ്മരണയ്ക്കായി അങ്ങേ അൾത്താരയിൽ കൊണ്ടുവന്നിരിക്കുന്ന കാണിക്കകൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഈ ദിവ്യ രഹസ്യങ്ങൾവഴി അദ്ദേഹത്തിന് മഹത്ത്വം അങ്ങ് നല്കിയതുപോലെ, ഞങ്ങൾക്ക് പാപമോചനം നല്കണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. മത്താ 24, 46-47**

കർത്താവ് വരുമ്പോൾ ജാഗരൂകനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ; സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവിടന്ന് അവനെ തന്റെ വസ്തുക്കളുടെയെല്ലാം മേല്നോട്ടക്കാരനായി നിയോഗിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. ലൂക്കാ 12, 42**

യഥാസമയം ആവശ്യമായ ഭക്ഷണം കൊടുക്കേണ്ടതിന് കർത്താവ് തന്റെ കുടുംബത്തിനുമേൽ നിയമിച്ചവൻ വിശ്വസ്തനും വിവേകിയുമായ ഭൃത്യനാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

സർവശക്തനായ ദൈവമേ, വിശുദ്ധ N. ന്റെ തിരുനാൾ ആഘോഷിക്കുന്ന എല്ലാവരിലും സ്വർഗീയവിരുന്ന് ഉന്നതത്തിൽ നിന്നുള്ള ശക്തി ദൃഢീകരിക്കുകയും വർധിപ്പിക്കുകയും ചെയ്യട്ടെ. അങ്ങനെ, വിശ്വാസദാനം അതിന്റെ സമഗ്രതയിൽ ഞങ്ങൾ കാത്തുസൂക്ഷിക്കുകയും വെളിപ്പെടുത്തപ്പെട്ട രക്ഷാമാർഗത്തിലൂടെ ചരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**2**

**പ്രവേശകപ്രഭണിതം** **Cf. ലൂക്കാ 4, 18**

കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്; ദരിദ്രരെ സുവിശേഷമറിയിക്കാനും ഹൃദയം നുറുങ്ങിയവരെ സുഖപ്പെടുത്താനും അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. പ്രഭാ 45, 20**

സ്തുതിയുടെ ഫലങ്ങൾ തനിക്കുവേണ്ടി അർപ്പിക്കാൻ കർത്താവ് അവനെ തനിക്കുവേണ്ടിത്തന്നെ പുരോഹിതനായി തിരഞ്ഞെടുത്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## സമിതിപ്രാർഥന

വിശ്വാസികളുടെ പ്രകാശവും ആത്മാക്കളുടെ ഇടയനുമായ ദൈവമേ, സഭയിൽ അങ്ങേ അജഗണത്തെ വചനത്താൽ നയിക്കാനും മാതൃകയാൽ രൂപീകരിക്കാനും (മെത്രാനായ) വിശുദ്ധ N. നെ അങ്ങ് നിയോഗിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അദ്ദേഹം വാക്കാൽ പഠിപ്പിച്ച വിശ്വാസം കാത്തുപാലിക്കാനും മാതൃകയാൽ കാണിച്ചുതന്നവഴി പിഞ്ചെല്ലാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ മഹിമയ്ക്കായി ഞങ്ങൾ കേണപേക്ഷിക്കുന്നു. വിശുദ്ധ N. നുവേണ്ടി അർപ്പിക്കപ്പെട്ട കാണിക്കകൾ ദിവ്യശക്തിയുടെ മഹത്ത്വം സാക്ഷ്യപ്പെടുത്തുന്നതുപോലെ, ഞങ്ങൾക്കു അങ്ങേ രക്ഷയുടെ ഫലം നല്കുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം Cf. മത്താ 28, 20

കർത്താവ് അരുൾചെയ്യുന്നു: ഇതാ, യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ N., വിശ്വസ്തമായ ശുശ്രൂഷയാൽ, നിത്യാനന്ദത്തിന് അർഹനായിത്തീർന്നുവല്ലോ. ഞങ്ങൾ സ്വീകരിച്ച രഹസ്യങ്ങൾ ഞങ്ങളെയും നിത്യാനന്ദത്തിന് ഒരുക്കുമാറാകട്ടെ. കർത്താവായ...

### അഥവാ

സർവശക്തനായ ദൈവമേ, ദിവ്യഭോജനത്താൽ പരിപോഷിതരായ ഞങ്ങളെ, വിശുദ്ധ N. ന്റെ മാതൃക സദാ പിന്തുടർന്നുകൊണ്ട്, നിരന്തര ഭക്തിയാൽ അങ്ങയെ ആരാധിക്കാനും അക്ഷീണ സ്നേഹത്തോടെ എല്ലാവരെയും ശുശ്രൂഷിക്കാനും ഞങ്ങളെ ഇടയാക്കണമേ. കർത്താവായ...

# IV സഭാസ്ഥാപകർക്കുവേണ്ടി

## A. ഒരു സ്ഥാപകൻ

**പ്രവേശകപ്രഭണിതം** **Cf. ഏശ 59, 21; 56, 7**

കർത്താവ് അരുൾചെയ്യുന്നു: നിന്റെ അധരങ്ങളിൽ ഞാൻ നിക്ഷേപിച്ച എന്റെ വചനങ്ങൾ നിന്റെ അധരങ്ങളിൽനിന്ന് ഒരിക്കലും അകന്നുപോവുകയില്ല; നിന്റെ കാണിക്കകൾ എന്റെ ബലിപീഠത്തിൽ സ്വീകാര്യമായിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

സർവശക്തനും കാരുണ്യവാനുമായ ദൈവമേ, വിശുദ്ധ N. ന്റെ സുവിശേഷ പ്രഘോഷണത്താൽ ഞങ്ങളുടെ പിതാക്കന്മാരെ പ്രകാശിപ്പിക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. ക്രിസ്തീയനാമത്തിൽ അഭിമാനംകൊള്ളുന്ന ഞങ്ങൾ ഏറ്റുപറയുന്ന വിശ്വാസം പ്രവൃത്തികളിലൂടെ സദാ പ്രകടിപ്പിക്കാൻ അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

അഥവാ

കർത്താവേ, (മെത്രാനായ) വിശുദ്ധ N. സത്യവചനത്താൽ ജന്മം നല്കുകയും ജീവദായക കൂദാശയാൽ പരിപോഷിപ്പിക്കുകയുംചെയ്ത അങ്ങേ കുടുംബത്തെ കടാക്ഷിക്കണമേ. അങ്ങനെ, അദ്ദേഹത്തിന്റെ ശുശ്രൂഷയാൽ അങ്ങേ കൃപ വിശ്വാസികളാക്കിത്തീർത്തവരെ, അദ്ദേഹത്തിന്റെ പ്രാർഥനകളാൽ സ്നേഹത്തിൽ തീക്ഷ്ണതയുള്ളവരുമാക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

സർവശക്തനായ ദൈവമേ, വിശുദ്ധ N. ന്റെ വാർഷിക സ്മരണ ആചരിച്ചുകൊണ്ട് അങ്ങേക്ക് ഞങ്ങളർപ്പിക്കുന്ന അങ്ങേ ജനത്തിന്റെ ഈ ബലി സ്വർഗീയ ദാനങ്ങളോട് കാരുണ്യപൂർവം കൂട്ടിച്ചേർക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. മർക്കോ 10, 45**

മനുഷ്യപുത്രൻ വന്നിരിക്കുന്നത് തന്റെ ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **1 കോറി 3, 11**

യേശുക്രിസ്തുവെന്ന അടിസ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു; അതിനുപുറമേ, മറ്റൊന്നു സ്ഥാപിക്കാൻ ആർക്കും സാധിക്കുകയില്ല (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ N. ന്റെ തിരുനാളിൽ ആനന്ദിക്കുന്ന ഞങ്ങൾ സ്വീകരിച്ച നിത്യരക്ഷയുടെ അച്ചാരം ഇഹലോകജീവിതത്തിലും പരലോകജീവിതത്തിലും ഞങ്ങൾക്ക് ഒന്നുപോലെ സഹായമായി ഭവിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## B. ഒന്നിലധികം സ്ഥാപകർ

### പ്രവേശകപ്രഭണിതം

പരിപൂർണസ്നേഹത്തിൽ കർത്താവ് തിരഞ്ഞെടുക്കുകയും നിത്യമഹത്ത്വം നല്കുകയും ചെയ്ത വിശുദ്ധരായ മനുഷ്യരാണിവർ; ഇവരുടെ പ്രബോധനത്താൽ സഭ പ്രകാശിതമാകുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

കർത്താവേ, അങ്ങേ സഭയെ കരുണാപൂർവം കടാക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. വിശുദ്ധരായ N. ന്റെയും N. ന്റെയും അപ്പസ്തോലിക ശുശ്രൂഷയിലൂടെ സഭയ്ക്ക് വിശ്വാസ ജീവിതത്തിന്റെ ആരംഭം അങ്ങ് നല്കിയല്ലോ. അവരുടെ മാധ്യസ്ഥ്യംവഴി, ക്രിസ്തീയ ഭക്തിയുടെ നിരന്തര പ്രതിപത്തി നല്കണമേ. അങ്ങയോടുകൂടെ...

അഥവാ

ദൈവമേ, (മെത്രാന്മാരായ) വിശുദ്ധരായ N. ന്റെയും N. ന്റെയും സുവിശേഷ പ്രഘോഷണത്താൽ ഞങ്ങളുടെ പിതാക്കന്മാരെ സുവിശേഷത്തിന്റെ വിസ്മയകരമായ പ്രകാശത്തിലേക്ക് അങ്ങു വിളിച്ചുവല്ലോ. അവരുടെ മാധ്യസ്ഥ്യത്താൽ, കൃപയിലും അങ്ങേ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ അറിവിലും ഞങ്ങൾ വളരാൻ ഇടയാക്കണമേ. എന്നെന്നും...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ വിശുദ്ധ N. ന്റെയും N. ന്റെയും തിരുനാളിൽ അർപ്പിച്ച അങ്ങേ ജനത്തിന്റെ കാണിക്കകൾ സ്വീകരിക്കുകയും വിശ്വസ്തഹൃദയത്തോടെ ഞങ്ങളെ കാരുണ്യപൂർവം സ്വീകാര്യരാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — Cf. യോഹ 15,15

കർത്താവ് അരുൾചെയ്യുന്നു: ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല, എന്തെന്നാൽ, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽ നിന്നു കേട്ടവയെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു (പെസഹാക്കാലത്ത്, അല്ലേലൂയ).

അഥവാ — 1 പത്രോസ് 2, 9

തിരഞ്ഞെടുക്കപ്പെട്ട ജനമേ, അന്ധകാരത്തിൽനിന്നു തന്റെ അദ്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ അറിയിക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധരായ N. ന്റെയും N. ന്റെയും തിരുനാളിൽ, രക്ഷാകരമായ അങ്ങേ അൾത്താരയിൽ നിന്ന് സ്വീകരിച്ചത് ഞങ്ങളെ ആനന്ദിപ്പിക്കുമാറാകട്ടെ. അതുവഴി അങ്ങേ അനുഗ്രഹങ്ങളാൽ ഉത്സുകരായി ഞങ്ങളുടെ വിശ്വാസത്തിന്റെ അമൂല്യമായ ആരംഭം ഞങ്ങൾ വണങ്ങുകയും അങ്ങേ വിശുദ്ധരിൽ വിസ്മയാവഹനായ അങ്ങയെ ഞങ്ങൾ പ്രഘോഷിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## V. പ്രേഷിതർക്കുവേണ്ടി

പ്രേഷിതരായ രക്തസാക്ഷികൾക്കുവേണ്ടി, pp കാണുക.

1

### പ്രവേശകപ്രഭണിതം

ദിവ്യസത്യത്തിന്റെ മഹത്ത്വപൂർണമായ പ്രഘോഷണത്താൽ, ഈ വിശുദ്ധർ ദൈവത്തിന്റെ സ്നേഹിതരായിത്തീർന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ സങ്കീ 17, 50; 21, 23

കർത്താവേ, ജനതകളുടെ മധ്യേ ഞാനങ്ങയെ ഏറ്റുപറയും; ഞാൻ അങ്ങേനാമം എന്റെ സഹോദരരോടു വിവരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, (മെത്രാനായ) വിശുദ്ധ N. വഴി, അവിശ്വാസികളായ ജനതകൾ അന്ധകാരത്തിൽനിന്ന് സത്യത്തിന്റെ പ്രകാശത്തിലേക്കു വരാൻ അങ്ങ് ഇടയാക്കിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, വിശ്വാസ സ്ഥിരതയിൽ ഉറച്ചുനില്ക്കാനും അദ്ദേഹം പ്രസംഗിച്ച സുവിശേഷത്തിന്റെ പ്രത്യാശയിൽ സുദൃഢം നിലനില്ക്കാനും ഞങ്ങൾക്കനുഗ്രഹം നൽകണമേ. അങ്ങയോടുകൂടെ...

അഥവാ

സർവശക്തനും നിത്യനുമായ ദൈവമേ, വിശുദ്ധ N. ന്റെ മഹത്ത്വീകരണത്തിൽ ഈ ദിവസത്തിന്റെ സന്തോഷം അങ്ങ് പവിത്രീകരിച്ചുവല്ലോ. അടക്കാനാവാത്ത തീക്ഷ്ണതയോടെ അദ്ദേഹം പ്രഘോഷിച്ച വിശ്വാസം നിരന്തരം കാത്തുസൂക്ഷിക്കുന്നതിലും പ്രവൃത്തികളാൽ പൂർത്തീകരിക്കുന്നതിലും പരിശീലനം നേടാൻ ഞങ്ങളെ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, വിശുദ്ധ N. ന്റെ തിരുനാളിൽ, ഞങ്ങൾ സമർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങൾ തൃക്കൺപാർക്കണമേ. അങ്ങനെ, കർത്താവിന്റെ പീഡാസഹനരഹസ്യം കൊണ്ടാടുന്ന ഞങ്ങൾ അനുഷ്ഠിക്കുന്നത് അനുകരിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം എസെ 34, 15

കർത്താവ് അരുൾചെയ്യുന്നു: അന്ധകാരത്തിൽ നിങ്ങളോടു പറയുന്നവ പ്രകാശത്തിൽ പറയുവിൻ; ചെവിയിൽ മന്ത്രിച്ചത് പുരമുകളിൽനിന്നു ഘോഷിക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

### അഥവാ മത്താ 10, 27

കർത്താവ് അരുൾചെയ്യുന്നു: ഞാനെന്റെ ആടുകളെ മേയിക്കുകയും ഞാനവർക്ക് വിശ്രമസ്ഥലം നല്കുകയും ചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ രഹസ്യങ്ങളുടെ ശക്തിയാൽ, അങ്ങേ ദാസരെ സത്യവിശ്വാസത്തിൽ സ്ഥിരീകരിക്കണമേ. അങ്ങനെ, വിശുദ്ധ N. അവിരാമം പ്രയത്നിച്ചതും തന്റെ ജീവിതം സമർപ്പിച്ചതുമായ ആ വിശ്വാസം വാക്കാലും പ്രവൃത്തിയാലും എല്ലായിടത്തും അങ്ങേ ദാസർ ഏറ്റുപറയുമാറാകട്ടെ. കർത്താവായ...

## 2

### പ്രവേശകപ്രഭണിതം Cf. ഏശ 52, 7

സമാധാനം വിളംബരം ചെയ്യുകയും പ്രഘോഷിക്കുകയും സദ്വാർത്ത അറിയിക്കുകയും രക്ഷ പ്രഘോഷിക്കുകയും ചെയ്യുന്നവന്റെ പാദങ്ങൾ മലമുകളിൽ എത്ര മനോഹരമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ)

## സമിതിപ്രാർഥന

ദൈവമേ, വിശുദ്ധ N. ന്റെ മതാത്മക തീക്ഷ്ണതയാലും അപ്പസ്തോലിക ശുശ്രൂഷയാലും അങ്ങേ സഭയെ അങ്ങ് അഭിവൃദ്ധിപ്പെടുത്തിയല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും നവവർധനവ് സദാ സ്വീകരിക്കാൻ സഭയെ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങളുടെ അപേക്ഷകൾ തൃക്കൺപാർക്കാനും എല്ലാ തെറ്റുകളിലുംനിന്ന് ഞങ്ങളെ മോചിപ്പിക്കാനും കനിയണമേ. അങ്ങനെ, വിശുദ്ധീകരിക്കുന്ന അങ്ങേ കൃപയാൽ, അങ്ങേക്ക് ശുശ്രൂഷ ചെയ്യാൻ ഞങ്ങളും ശക്തരാക്കുന്ന അതേ രഹസ്യങ്ങളാൽ ഞങ്ങളും ശുദ്ധീകരിക്കപ്പെടുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — മർക്കോ. 16, 15; മത്താ. 28, 20

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ; യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ — യോഹ 15, 4-5

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജന പ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, അപ്പസ്തോലിക പ്രഭാഷണത്താൽ പഠിപ്പിച്ചതും വിശുദ്ധ N. ന്റെ പ്രയത്നത്താൽ സംരക്ഷിച്ചതുമായ വിശ്വാസം ഞങ്ങൾ സ്വീകരിച്ച കൂദാശ ഞങ്ങളിൽ പരിപോഷിപ്പിക്കുമാറാകട്ടെ. കർത്താവായ...

## 3

**പ്രവേശകപ്രഭണിതം** **സങ്കീ 95, 3-4**

ജനതകളുടെയിടയിൽ കർത്താവിന്റെ മഹത്ത്വം പ്രഘോഷിക്കുവിൻ; ജനപദങ്ങളുടെയിടയിൽ അവിടത്തെ അദ്ഭുതപ്രവൃത്തികൾ വർണിക്കുവിൻ, എന്തെന്നാൽ, കർത്താവ് ഉന്നതനും അത്യന്തം സ്തുത്യർഹനുമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമതിപ്രാർഥന**

ദൈവമേ, അങ്ങേ അവാച്യമായ കാരുണ്യത്താൽ, വിശുദ്ധ N. ക്രിസ്തുവിന്റെ അളവറ്റ സമ്പന്നതയുടെ സുവിശേഷം പ്രഘോഷിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അങ്ങേ ജ്ഞാനത്തിൽ വളരാനും എല്ലാ സത്പ്രവൃത്തികളും ഫലമണിയിച്ചുകൊണ്ട്, സുവിശേഷ സത്യമനുസരിച്ച്, അങ്ങേ മുമ്പിൽ വിശ്വസ്തതയോടെ ചരിക്കാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, വിശുദ്ധ N. ന്റെ സ്മരണ ആഘോഷിച്ചുകൊണ്ട്, അങ്ങേക്കർപ്പിച്ച ഈ കാണിക്കകളിൽ സ്വർഗത്തിൽനിന്നുള്ള അനുഗ്രഹങ്ങൾ അങ്ങ് ചൊരിയണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. അവയിൽ പങ്കുചേർന്നുകൊണ്ട്, എല്ലാ പാപങ്ങളിലുംനിന്നു ഞങ്ങൾ വിമുക്തരാകുകയും സ്വർഗീയഭോജ്യത്താൽ സംപൂരിതരാകുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 10, 1.9**

കർത്താവ് ശിഷ്യരെ അയയ്ക്കുകയും അവർ പട്ടണങ്ങളിൽ ഇപ്രകാരം അറിയിക്കുകയും ചെയ്തു: ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. മത്താ 13, 8.23**

നല്ലതും ഉത്കൃഷ്ടവുമായ ഹൃദയത്തിൽ ക്ഷമയോടെ ഫലം പുറപ്പെടുത്തുന്നവരാണ് നല്ല നിലത്തുവീണ വിത്ത് (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങൾ സ്വീകരിച്ച അങ്ങേ ദിവ്യദാനങ്ങൾ ഞങ്ങളെ ഉജ്ജീവിപ്പിക്കട്ടെ. അങ്ങനെ, വിശുദ്ധ N. ന്റെ സ്മരണ ആചരിച്ചുകൊണ്ട് സന്തോഷിക്കുന്ന ഞങ്ങൾ, അദ്ദേഹത്തിന്റെ അപ്പസ്തോലികപുണ്യത്തിന്റെ മാതൃകയാൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

# തിരുസഭാപണ്ഡിതരുടെ പൊതുപ്രാർഥനകൾ

## 1

**പ്രവേശകപ്രഭണിതം** **Cf. പ്രഭാ 15, 5**

സഭാമധ്യേ അവന്റെ അധരം തുറക്കുകയും കർത്താവ് ജ്ഞാനത്തിന്റെയും ബുദ്ധിയുടെയും ചൈതന്യം അവനിൽ നിറയ്ക്കുകയും ചെയ്തു; മഹത്ത്വത്തിന്റെ വസ്ത്രം അവനെ ധരിപ്പിച്ചു (പെസഹാക്കാലത്ത്, അല്ലേലൂയാ).

**അഥവാ** **സങ്കീ 36, 30-31**

നീതിമാന്റെ അധരം ജ്ഞാനംസംസാരിക്കുന്നു; അവന്റെ നാവിൽനിന്ന് നീതി ഉതിരുന്നു. ദൈവത്തിന്റെ നിയമം അവന്റെ ഹൃദയത്തിൽത്തന്നെ കുടികൊള്ളുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, (മെത്രാനായ) വിശുദ്ധ N. നെ പണ്ഡിതനായി അങ്ങേ സഭയ്ക്ക് അങ്ങു നല്കിയല്ലോ. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ അദ്ദേഹം പഠിപ്പിച്ചത് ഞങ്ങളുടെ ഹൃദയങ്ങളിൽ സദാ ദൃഢീകരിക്കാനും അങ്ങേ ദാനത്താൽ അദ്ദേഹത്തെ മധ്യസ്ഥനായി ആശ്ലേഷിക്കുന്ന ഞങ്ങൾ, അങ്ങേ കാരുണ്യത്തിനു മുമ്പാകെ സംരക്ഷകനുമായി ഈ വിശുദ്ധനെ ലഭിക്കാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

ദൈവമേ, വിശുദ്ധ N. ന്റെ തിരുനാളിൽ സന്തോഷത്തോടെ കാഴ്ചവയ്ക്കുന്ന ഈ ബലി അങ്ങയെ പ്രസാദിപ്പിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ഉപദേശാനുസരണം, അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങളെയും അങ്ങേക്ക് സമർപ്പിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 12, 42**

യഥാസമയം ആവശ്യമായ ഭക്ഷണം കൊടുക്കേണ്ടതിന് കർത്താവ് തന്റെ കുടുംബത്തിനുമേൽ നിയമിച്ചവൻ വിശ്വസ്തനും വിവേകിയുമായ ഭൃത്യനാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

**അഥവാ** **Cf. സങ്കീ 1, 2-3**

രാവും പകലും കർത്താവിന്റെ നിയമം ധ്യാനിക്കുന്നവന്, അതിന്റെ ഫലം യഥാകാലം നല്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ജീവന്റെ അപ്പമായ ക്രിസ്തുവാൽ അങ്ങ് പരിപോഷിപ്പിക്കുന്ന ഇവരെ, ഗുരുനാഥനായ ക്രിസ്തുവഴി പഠിപ്പിക്കണമേ. അങ്ങനെ വിശുദ്ധ N. ന്റെ തിരുനാളിൽ, അങ്ങേ സത്യം അവർ ഗ്രഹിക്കുകയും സ്നേഹത്തിൽ അത് പ്രാവർത്തികമാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

2

**പ്രവേശകപ്രഭണിതം** **Cf. ദാനി 12, 3**

ജ്ഞാനികളായവർ ആകാശവിതാനത്തിന്റെ പ്രഭപോലെ തിളങ്ങുകയും അനേകരെ നീതി പരിശീലിപ്പിക്കുന്നവൻ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കുകയും ചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**അഥവാ** **പ്രഭാ 44, 15.14**

വിശുദ്ധരുടെ ജ്ഞാനം ജനതകൾ വിവരിക്കുകയും സഭ അവരുടെ സ്തുതികൾ അറിയിക്കുകയും ചെയ്യട്ടെ; അവരുടെ നാമം യുഗങ്ങൾതോറും നിലനില്ക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

കർത്താവായ ദൈവമേ, വിശുദ്ധ N. നെ സ്വർഗീയ ജ്ഞാനത്താൽ നിറയ്ക്കാൻ അങ്ങ് തിരുവുള്ളമായല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, അതേ പഠനം വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കാനും അനുദിന ജീവിതത്തിൽ ഏറ്റുപറയാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, പരിശുദ്ധാത്മാവ് വിശുദ്ധ N. നെ അങ്ങേ മഹത്ത്വത്തിന്റെ പ്രചാരണത്തിനായി വിശ്വാസവെളിച്ചത്താൽ നിരന്തരം ഉജ്ജ്വലിപ്പിച്ചുവല്ലോ. അതേ വെളിച്ചത്താൽ അങ്ങേ ആത്മാവ് ഈ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കുന്ന ഞങ്ങളെയും നിറയ്ക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം Cf.1 കോറി 1, 23-24

ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ ക്രൂശിതനായ ക്രിസ്തുവിനെ ഞങ്ങൾ പ്രസംഗിക്കുന്നു. (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, സ്വർഗീയ ഭോജനത്താൽ പരിപോഷിതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, വിശുദ്ധ N. ന്റെ ഉദ്ബോധനങ്ങൾ അനുസരിച്ചുകൊണ്ട്, സ്വീകരിച്ച ദാനങ്ങളെപ്രതി കൃതജ്ഞതയർപ്പണത്തിൽ സദാ ഞങ്ങൾ നിലനില്ക്കുമാറാകട്ടെ. കർത്താവായ...

# കന്യകമാരുടെ പൊതുപ്രാർഥനകൾ

കന്യകയായ രക്തസാക്ഷിണി, pp.

## I. ഒന്നിലധികം കന്യകമാർ

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 148, 12.14**

കന്യകമാർ കർത്താവിന്റെ നാമം സ്തുതിക്കട്ടെ. എന്തെന്നാൽ അവിടത്തെ നാമം മാത്രമാണ് സമുന്നതം; അവിടത്തെ മഹത്ത്വം സ്വർഗത്തെയും ഭൂമിയെയുംകാൾ ഉന്നതമാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. സങ്കീ 44, 16**

കന്യകമാർ സന്തോഷത്തോടും ആഹ്ലാദത്തോടുംകൂടെ രാജസന്നിധിയിലേക്ക് പ്രവേശിക്കുന്നു. അങ്ങയുടെ ആലയത്തിൽ അവർ രാജാവും കർത്താവുമായ അങ്ങേപക്കലേക്ക് ആനയിക്കപ്പെടുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

കർത്താവേ, അങ്ങേ കാരുണ്യം ഞങ്ങളുടെമേൽ വർധമാനമാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ കന്യകമാരായ വിശുദ്ധ N. യുടെയും വിശുദ്ധ N. യുടെയും തിരുനാളിൽ ഭക്ത്യാദരപൂർവം ഞങ്ങൾ സന്തോഷിക്കുന്നതുപോലെ, അങ്ങേ ഔദാര്യത്താൽ, അവരുടെ നിത്യസഹവാസം അനുഭവിക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, കന്യകമാരായ വിശുദ്ധ N. യുടെയും വിശുദ്ധ N. യുടെയും സ്മരണയിൽ, അങ്ങേ വിസ്മയനീയകർമങ്ങൾ പ്രഖ്യാപിച്ചുകൊണ്ട്, ഈ കാണിക്കകൾ ഭക്തിപൂർവം ഞങ്ങൾ അർപ്പിക്കുന്നു. അവരുടെ പുണ്യയോഗ്യതകൾ അങ്ങേക്ക് പ്രീതികരമായിത്തീർന്നതുപോലെ, ഞങ്ങളുടെ ശുശ്രൂഷാധർമവും അങ്ങേക്ക് സ്വീകാര്യമാകണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. മത്താ 25, 10**

മണവാളൻ വരുകയും ഒരുങ്ങിയിരുന്ന കന്യകമാർ അവനോടൊത്ത് വിവാഹവിരുന്നിന് അകത്തു പ്രവേശിക്കുകയും ചെയ്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **യോഹ 14, 21.23**

എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും; ഞങ്ങൾ അവന്റെയടുത്തു വരുകയും അവനിൽ വാസമുറപ്പിക്കുകയും ചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, കന്യകമാരായ വിശുദ്ധ N.യുടെയും വിശുദ്ധ N. യുടെയും ഈ ആഘോഷത്തിൽ സ്വീകരിച്ച രഹസ്യങ്ങൾ ഞങ്ങളെ സദാ പ്രചോദിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അങ്ങേ പുത്രന്റെ ആഗമനം സമുചിതം ഞങ്ങൾ കാത്തിരിക്കുകയും അവിടത്തെ സ്വർഗീയ വിവാഹ വിരുന്നിന് ഞങ്ങൾ അർഹരാകുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## II. ഒരു കന്യക

### 1

**പ്രവേശകപ്രഭണിതം**

ഇതാ, കത്തിച്ച വിളക്കുമായി ക്രിസ്തുവിനെ എതിരേല്ക്കാൻ പുറപ്പെട്ട വിവേകമതികളിൽ ഒരുവളും ബുദ്ധിമതിയുമായ കന്യക (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ

ക്രിസ്തുവിന്റെ കന്യകേ, നിത്യ കന്യാത്വത്തിന്റെ കിരീടമായ ക്രിസ്തുവിന്റെ കിരീടം സ്വീകരിക്കാൻ അർഹയായ നീ എത്ര മനോഹരിയാണ്(പെസഹാക്കാലത്ത്, അല്ലേലൂയാ).

## സമിതിപ്രാർഥന

ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ ശ്രവിക്കണമേ. അങ്ങനെ, കന്യകയായ വിശുദ്ധ N. യുടെ സ്മരണ ആചരിച്ചുകൊണ്ട് ഞങ്ങൾ സന്തോഷിക്കുന്നതുപോലെ, ഈ കന്യകയുടെ ഭക്ത്യാദരപൂർവകമായ സ്നേഹത്താൽ ഞങ്ങൾ പ്രബുദ്ധരാകുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, കന്യകയായ വിശുദ്ധ N. ൽ വിസ്മയാവഹനായ അങ്ങയെ പ്രഘോഷിച്ചുകൊണ്ട്, അങ്ങേ മഹിമയ്ക്കായി ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, ഈ പുണ്യവതിയുടെ പുണ്യയോഗ്യതകൾ അങ്ങേക്ക് സ്വീകാര്യമായതുപോലെ, ഞങ്ങളുടെ ശുശ്രൂഷാധർമവും അങ്ങേക്ക് സ്വീകാര്യമായിത്തീരുമാകുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം

Cf. മത്താ 25, 6

ഇതാ,മണവാളൻ വരുന്നു; കർത്താവായ ക്രിസ്തുവിനെ എതിരേല്ക്കുവാൻ പുറപ്പെടുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ

Cf. സങ്കീ 26, 4

ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു, ഒരു കാര്യം മാത്രം ഞാൻ തേടുന്നു: എന്റെ ജീവിതകാലം മുഴുവനും കർത്താവിന്റെ ആലയത്തിൽ വസിക്കാൻ തന്നെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, ദിവ്യദാനങ്ങളിൽ പങ്കുചേർന്നു പരിപോഷിതരായി, ഞങ്ങൾ പ്രാർഥിക്കുന്നു. വിശുദ്ധ N.യുടെ മാതൃകയാൽ, യേശുവിന്റെ പരിത്യാഗം ഞങ്ങളുടെ ശരീരത്തിൽ വഹിച്ചുകൊണ്ട്, അങ്ങയോടുമാത്രം ചേർന്നുനില്ക്കാൻ ഞങ്ങൾ പരിശ്രമിക്കുമാറാകട്ടെ. കർത്താവായ...

## 2

### പ്രവേശകപ്രഭണിതം

നമുക്ക് ആനന്ദിക്കുകയും ആഹ്ലാദിക്കുകയും ചെയ്യാം. എന്തെന്നാൽ, സകലത്തിന്റെയും കർത്താവ്, വിശുദ്ധയും തേജസ്വിനിയുമായ കന്യകയെ സ്നേഹിച്ചു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ

ഇതാ, കർത്താവ് കാത്തിരിക്കുന്നവളായി കണ്ട ബുദ്ധിമതിയായ കന്യക; അവൾ വിളക്കുകളെടുത്തപ്പോൾ കൂടെ എണ്ണയെടുക്കുകയും കർത്താവ് വന്നപ്പോൾ അവിടത്തോടുകൂടെ വിവാഹവിരുന്നിലേക്ക് അകത്തു പ്രവേശിക്കുകയും ചെയ്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

കർത്താവായ ദൈവമേ, കന്യകയായ വിശുദ്ധ N. യെ സ്വർഗീയ ദാനങ്ങളാൽ അങ്ങ് സംപൂരിതയാക്കിയല്ലോ. ഭൂമിയിൽ, ഈ പുണ്യവതിയുടെ സുകൃതങ്ങൾ അനുകരിച്ചുകൊണ്ട്, ഈ വിശുദ്ധയോടൊപ്പം സ്വർഗീയാനന്ദം അനുഭവിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

അഥവാ, സഭാസ്ഥാപകയായ കന്യക

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങേ വിശ്വസ്ത മണവാട്ടിയായ കന്യക, വിശുദ്ധ N. അങ്ങേ സഭയുടെ നിത്യമഹത്ത്വത്തിനായി മറ്റു കന്യകമാരിൽ നിവേശിപ്പിച്ച ദിവ്യസ്നേഹാഗ്നി, ഞങ്ങളുടെ ഹൃദയങ്ങളിലും ഉജ്ജ്വലിപ്പിക്കാൻ ഇടയാക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, ഞങ്ങൾ സമർപ്പിച്ച കാഴ്ചദ്രവ്യങ്ങളുടെ ഫലം ഞങ്ങൾ അനുഭവിക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശുദ്ധ N. യുടെ മാതൃകയാൽ, ഈ ലോകത്തിന്റെ പഴയ ജീവിതരീതികളിൽനിന്ന് ശുദ്ധീകൃതരായി, സ്വർഗീയ ജീവന്റെ അഭിവൃദ്ധിയിലൂടെ ഞങ്ങൾ നവീകരിക്കപ്പെടുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. മത്താ 25, 4.6**

വിവേകമതികളായ അഞ്ചു കന്യകമാർ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്തിരുന്നു. അർധരാത്രിയിൽ ആർപ്പുവിളിയുണ്ടായി: ഇതാ, മണവാളൻ വരുന്നു, കർത്താവായ ക്രിസ്തുവിനെ എതിരേല്ക്കാൻ പുറപ്പെടുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, അങ്ങേ ഏകജാതന്റെ ശരീരരക്തങ്ങളുടെ വിശുദ്ധമായ സ്വീകരണം ഞങ്ങളെ എല്ലാ അധമ കാര്യങ്ങളിലുംനിന്ന് അകറ്റട്ടെ. അങ്ങനെ, വിശുദ്ധ N. യുടെ മാതൃകയിൽ, ഭൂമിയിൽ അങ്ങയോടുള്ള ആത്മാർഥസ്നേഹത്തിൽ അഭിവൃദ്ധിപ്പെടാനും സ്വർഗത്തിൽ നിത്യദർശനത്താൽ ആനന്ദിക്കാനും ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. കർത്താവായ...

**3**

**പ്രവേശകപ്രഭണിതം**

ക്രിസ്തുവിന്റെ മണവാട്ടീ, വന്നാലും; കർത്താവ് നിനക്ക് നിത്യമായി ഒരുക്കിയിരിക്കുന്ന കിരീടം സ്വീകരിക്കുക (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ

കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തെപ്രതി, ലോകത്തിന്റെ രാജ്യവും എല്ലാ ലൗകികവസ്തുക്കളും അവൾ നിന്ദ്യമായി കരുതി (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ദൈവമേ, നിഷ്കളങ്കഹൃദയങ്ങളിൽ വാസമുറപ്പിക്കുമെന്ന് അങ്ങ് വ്യക്തമാക്കിയിട്ടുണ്ടല്ലോ. കന്യകയായ വിശുദ്ധ N. യുടെ മാധ്യസ്ഥ്യത്താൽ, അങ്ങേ കൃപവഴി, അങ്ങേക്ക് വാസയോഗ്യമായ ഹൃദയമുള്ളവരായി നിലനില്ക്കാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. അങ്ങയോടുകൂടെ...

അഥവാ

കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ ശ്രവിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, കന്യകയായ വിശുദ്ധ N. യുടെ സുകൃതങ്ങൾ ഭക്തിയോടെ വണങ്ങുന്ന ഞങ്ങൾ, അങ്ങയോടുള്ള സ്നേഹത്തിൽ നിലനില്ക്കാനും അവസാനംവരെ അതിൽ നിരന്തരം വളരാനും യോഗ്യരാകുമാറാകട്ടെ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, കന്യകയായ വിശുദ്ധ N. യുടെ സ്മരണ ആചരിച്ചുകൊണ്ട് അങ്ങേക്ക് ഞങ്ങൾ കാഴ്ചവയ്ക്കുന്ന ഞങ്ങളുടെ എളിയ അർപ്പണം അങ്ങ് സ്വീകരിക്കുകയും നിർമലമായ ഈ ബലിവഴി, അങ്ങേ സന്നിധിയിൽ, ഭക്തിനിർഭരവും വിശുദ്ധവുമായ സ്നേഹത്താൽ നിരന്തരം ഉജ്ജ്വലിക്കാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. ലൂക്കാ 10, 42**

വിവേകമതിയായ കന്യക നല്ലഭാഗം തിരഞ്ഞെടുത്തിരിക്കുന്നു; അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **മത്താ 25, 6**

അർധരാത്രിയിൽ ആർപ്പുവിളിയുണ്ടായി: ഇതാ, മണവാളൻ വരുന്നു, അവനെ എതിരേല്ക്കാൻ പുറപ്പെടുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, സ്വർഗീയഅപ്പത്താൽ പരിപോഷിതരായി, അങ്ങേ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, വിശുദ്ധ N. യുടെ സ്മരണാഘോഷത്തിൽ സന്തോഷിക്കുന്ന ഞങ്ങൾ, പാപങ്ങളുടെ മോചനവും ശാരീരികാരോഗ്യവും കൃപയും ആത്മാവിന്റെ നിത്യമഹത്ത്വവും പ്രാപിക്കുമാറാകട്ടെ. കർത്താവായ...

# വിശുദ്ധരുടെയും വിശുദ്ധകളുടെയും പൊതുപ്രാര്‍ഥനകള്‍

പ്രത്യേകഗണം വിശുദ്ധര്‍ക്ക് നിര്‍ദേശിച്ചിരിക്കുന്നുവെങ്കില്‍, താഴെ കൊടുത്തിരിക്കുന്ന ദിവ്യപൂജകള്‍ ഉപയോഗിക്കുന്നു. അല്ലാത്തവ, എല്ലാ ഗണത്തിലുംപെട്ട വിശുദ്ധര്‍ക്ക് ഉപയോഗിക്കാവുന്നതാണ്.

## I. എല്ലാഗണത്തിലുംപെട്ട വിശുദ്ധര്‍ക്കുവേണ്ടി

### A. ഒന്നിലധികം വിശുദ്ധര്‍

1

**പ്രവേശകപ്രഭണിതം** Cf. സങ്കീ 144, 10-11

കര്‍ത്താവേ, അങ്ങേ സകല പ്രവൃത്തികളും അങ്ങയെ ഏറ്റുപറയട്ടെ; അങ്ങേ വിശുദ്ധര്‍ അങ്ങയെ വാഴ്ത്തട്ടെ; അങ്ങേ രാജ്യത്തിന്റെ മഹത്ത്വത്തെപ്പറ്റി അവര്‍ സംസാരിക്കും, അങ്ങേ ശക്തി അവര്‍ വര്‍ണിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാര്‍ഥന**

സര്‍വശക്തനും നിത്യനുമായ ദൈവമേ, വിശുദ്ധരുടെ മഹത്ത്വീവത്കരണത്തിലൂടെ അങ്ങേ സ്നേഹത്തിന്റെ നൂതനമായ തെളിവുകള്‍ ഞങ്ങള്‍ക്ക് നല്കുന്നുവല്ലോ. അങ്ങേ ഏകജാതനെ അനുകരിക്കേണ്ടതിനു അവരുടെ മാധ്യസ്ഥ്യം ഞങ്ങള്‍ക്ക് സഹായകവും മാതൃക ഞങ്ങള്‍ക്ക് പ്രചോദനവും നല്കാന്‍ കാരുണ്യപൂര്‍വം അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാര്‍ഥന**

കര്‍ത്താവേ, ഞങ്ങളുടെ പ്രാര്‍ഥനകള്‍ കാരുണ്യപൂര്‍വം സ്വീകരിക്കുകയും അങ്ങേ അള്‍ത്താരയില്‍ ഞങ്ങള്‍ സമുചിത ശുശ്രൂഷചെയ്യാന്‍ അങ്ങേ വിശുദ്ധരുടെ മാധ്യസ്ഥ്യത്താല്‍ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങള്‍ പ്രാര്‍ഥിക്കുന്നു. കര്‍ത്താവായ...

**ദിവ്യഭോജനപ്രഭണിതം** **Cf. സങ്കീ 67, 4**

നീതിമാന്മാർ ദൈവസന്നിധിയിൽ സന്തോഷഭരിതരാകുകയും ഉല്ലസിക്കുകയും ആനന്ദിച്ചാഹ്ലാദിക്കുകയും ചെയ്യുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **ലൂക്കാ 12, 37**

യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവൻ അരമുറുക്കി അവരെ ഭക്ഷണത്തിനിരുത്തുകയും അടുത്തു ചെന്ന് അവരെ പരിചരിക്കുകയും ചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

സർവശക്തനും നിത്യനുമായ ദൈവമേ, സമസ്ത സമാശ്വാസത്തിന്റെയും സമാധാനത്തിന്റെയും പിതാവേ, വിശുദ്ധരുടെ തിരുനാളിൽ, അങ്ങേ നാമത്തിന്റെ സ്തുതിക്കായി ഒരുമിച്ചുകൂടിയിരിക്കുന്ന അങ്ങേ കുടുംബത്തിന്, ഞങ്ങളനുഭവിച്ച അങ്ങേ ഏകജാതന്റെ രഹസ്യങ്ങളിലൂടെ, നിത്യരക്ഷയുടെ അച്ചാരം സ്വീകരിക്കാൻ അനുഗ്രഹിക്കണമേ. കർത്താവായ...

**2**

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 63, 11**

നീതിമാൻ കർത്താവിൽ സന്തോഷിക്കുകയും അവിടന്നിൽ പ്രത്യാശിക്കുകയും ചെയ്യും; പരമാർഥ ഹൃദയരെല്ലാവരും പ്രകീർത്തിക്കപ്പെടും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ദൈവമേ, ഞങ്ങളുടെ ബലഹീനതയാൽ ഞങ്ങൾ പരാജയപ്പെടുന്നുവെന്ന് അങ്ങ് കാണുന്നുവല്ലോ. അങ്ങേ വിശുദ്ധരുടെ മാതൃകവഴി, അങ്ങേ സ്നേഹത്തിലേക്ക് കാരുണ്യപൂർവം ഞങ്ങളെ പുനരുദ്ധരിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ വിശുദ്ധരുടെ ബഹുമാനാർഥം ഞങ്ങൾ സമർപ്പിക്കുന്ന ഞങ്ങളുടെ എളിയ അർപ്പണം അങ്ങേക്ക് പ്രീതികരമാകാനും ഞങ്ങളുടെ ശരീരത്തെയും മനസ്സിനെയും ഒന്നുപോലെ ശുദ്ധീകരിക്കാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം Cf. യോഹ 12, 26

കർത്താവ് അരുൾചെയ്യുന്നു: എന്നെ ശുശ്രൂഷിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ, ഞാനായിരിക്കുന്നേടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധരുടെ സ്വർഗീയജന്മദിനത്തിൽ, ഈ കൂദാശയുടെ ദാനത്താൽ പരിപോഷിതരായ ഞങ്ങൾ ഇപ്പോൾ അങ്ങേ കൃപയിലൂടെ ഞങ്ങളെ പരിപോഷിപ്പിക്കുന്ന അതേ നന്മകൾ നിത്യമായും അനുഭവിച്ച് ആനന്ദിക്കുമാറാകണമെന്ന് പ്രാർഥിക്കുന്നു. കർത്താവായ...

## 3

### പ്രവേശകപ്രഭണിതം Cf. സങ്കീ 91, 13-14

നീതിമാൻ പനപോലെ തഴയ്ക്കും, ലെബനോനിലെ ദേവദാരുപോലെ വളരും; കർത്താവിന്റെ ഭവനത്തിൽ നടപ്പെട്ട അവൻ നമ്മുടെ ദൈവഭവനത്തിന്റെ അങ്കണത്തിൽ തഴച്ചുവളരുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

കർത്താവേ, വിശുദ്ധരുടെ നിഷ്ക്കളങ്കമായ പ്രാർഥന അങ്ങേ വിശ്വാസികൾക്ക് സഹായകമായി ഭവിക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അവരുടെ സ്മരണ ഭക്തിപൂർവം ആഘോഷിക്കുന്ന ഇവർ വിശുദ്ധരുടെ നിത്യാവകാശത്തിൽ പങ്കാളികളായിത്തീരുകയും ചെയ്യുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ അൾത്താരയിൽ കാഴ്ചദ്രവ്യങ്ങൾ അർപ്പിക്കുന്നവരായ ഞങ്ങൾക്ക്, അങ്ങേ വിശുദ്ധരിൽ വർഷിച്ച ഭക്തിതീക്ഷ്ണത നല്കണമേ. അങ്ങനെ, നിഷ്കളങ്കമനസ്സോടും തീക്ഷ്ണമായ ഹൃദയത്തോടുംകൂടെ തിരുകർമങ്ങളിൽ പങ്കുകൊള്ളുകയും ഞങ്ങൾക്ക് ഉപകാരപ്രദവും അങ്ങേക്ക് പ്രീതികരവുമായ ബലി അർപ്പിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം — മത്താ 11, 28

കർത്താവ് അരുൾചെയ്യുന്നു: അധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ഞങ്ങൾ ഉൾക്കൊണ്ട അങ്ങേ കൂദാശയുടെ സ്വീകരണം ഞങ്ങളെ രക്ഷിക്കുകയും അങ്ങേ സത്യത്തിന്റെ പ്രകാശത്തിൽ സ്ഥിരീകരിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## 4

### പ്രവേശകപ്രഭണിതം — ജറെ 17, 7-8

കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗൃഹീതൻ, അവന്റെ പ്രത്യാശ കർത്താവുതന്നെ; അവൻ ആറ്റുതീരത്തുനട്ട മരം പോലെയാണ്. അതു വെള്ളത്തിലേക്ക് വേരൂന്നിയിരിക്കുന്നു, അതു വേനല്ക്കാലത്തെ ഭയപ്പെടുന്നില്ല (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

സർവശക്തനായ ദൈവമേ, അങ്ങേ വിശുദ്ധരുടെ മാതൃക ഉത്തമജീവിതത്തിനായി ഞങ്ങളെ പ്രചോദിപ്പിക്കട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, വിശുദ്ധരായ N. ന്റെയും N. ന്റെയും സ്മരണ ആഘോഷിക്കുന്ന ഞങ്ങൾ അവരുടെ പ്രവൃത്തികളും അനവരതം അനുകരിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ വിശുദ്ധരുടെ ഈ ആഘോഷത്തിൽ, ഞങ്ങളുടെ കാണിക്കകൾ വിശുദ്ധ അൾത്താരയിൽ സമർപ്പിച്ചു കൊണ്ട് അങ്ങേ കാരുണ്യത്തിനായി ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അവ അങ്ങേക്ക് സമുന്നതമഹത്ത്വം നല്കുകയും ഞങ്ങൾക്ക് കൃപാസമൃദ്ധി സംലഭ്യമാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം യോഹ 15, 9

കർത്താവ് അരുൾചെയ്യുന്നു: പിതാവ് എന്നെ സ്നേഹിച്ച പോലെ, ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങളെന്റെ സ്നേഹ ത്തിൽ നിലനില്ക്കുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങേ വിശുദ്ധരുടെ സ്മരണ ആചരിച്ചുകൊണ്ട് ഞങ്ങൾ ആഘോഷിക്കുന്ന ദിവ്യരഹ സ്യങ്ങൾ ഞങ്ങളിൽ നിത്യരക്ഷയും സമാധാനവും ഉളവാക്കണ മെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## B. ഒരു വിശുദ്ധൻ

**1**

### പ്രവേശകപ്രഭണിതം Cf. സങ്കീ 20, 2-3

കർത്താവേ, നീതിമാൻ അങ്ങേ ശക്തിയിൽ സന്തോഷി ക്കുകയും അങ്ങേ രക്ഷയിന്മേൽ അവൻ അത്യധികം ആഹ്ലാദി ക്കുകയും ചെയ്യും. അവന്റെ ഹൃദയാഭിലാഷം അങ്ങ് സാധിച്ചു കൊടുത്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, ബലഹീനരായ ഞങ്ങൾക്ക് രക്ഷയുടെ പാതയി ലൂടെ ചരിക്കുന്നതിനു അങ്ങേ വിശുദ്ധരിൽ മാതൃകയും സംരക്ഷ ണവും അങ്ങ് നല്കിയല്ലോ. വിശുദ്ധ N. ന്റെ സ്വർഗീയ ജന്മദിനം വണങ്ങുന്ന ഞങ്ങൾ, അദ്ദേഹത്തിന്റെ മാതൃകവഴി, അങ്ങിലേക്ക് നടന്നടുക്കുവാൻ കാരുണ്യപൂർവം അനുഗ്രഹിക്കണമേ. അങ്ങയോടു കൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ N. ന്റെ സ്മരണാഘോഷത്തിൽ കാഴ്ചവെച്ച ഈ അർപ്പണം, അങ്ങേ വിശ്വാസികളിലേക്ക് സമാധാനത്തിന്റെയും ഐക്യത്തിന്റെയും ദാനങ്ങൾ ചൊരിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം മത്താ 16, 24

കർത്താവ് അരുൾചെയ്യുന്നു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അവൻ തന്നെത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ പൊതുവായ ദൗത്യങ്ങളിൽ ശുശ്രൂഷ ചെയ്തവർക്കായി:

മത്താ 6, 33

കർത്താവ് അരുൾചെയ്യുന്നു: നിങ്ങളാദ്യം ദൈവരാജ്യം അന്വേഷിക്കുവിൻ, അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ N. ന്റെ സ്മരണാഘോഷത്തിൽ ഞങ്ങൾ സ്വീകരിച്ച കൂദാശ ഞങ്ങളുടെ മനസ്സിനെയും ഹൃദയത്തെയും പവിത്രീകരിക്കട്ടെ. അങ്ങനെ, ദൈവീകപ്രകൃതിയിൽ ഭാഗഭാക്കുകളായിത്തീരാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

2

## പ്രവേശകപ്രഭണിതം മലാ 2, 6

അവന്റെ നാവിൽ സത്യത്തിന്റെ നിയമം ഉണ്ടായിരുന്നു, അവന്റെ അധരത്തിൽ ഒരു തെറ്റും കണ്ടില്ല; സമാധാനത്തിലും സത്യസന്ധതയിലും അവൻ എന്നോടുകൂടെ വ്യാപരിച്ചു; അനേകരെ അകൃത്യങ്ങളിൽനിന്ന് അവൻ പിന്തിരിപ്പിച്ചു (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, അങ്ങുമാത്രമാണ് പരിശുദ്ധൻ; അങ്ങയെക്കൂടാതെ ഒരുവനും നല്ലവനല്ല. വിശുദ്ധ N. ന്റെ മാദ്ധ്യസ്ഥതയാൽ, അങ്ങേ മഹത്ത്വത്തിന് ഒരുവിധത്തിലും അയോഗ്യരാകാതെ അർഹരായി ഭവിക്കാൻ അങ്ങ് കല്പിച്ചരുളിയാലും. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ N. ന്റെ ഈ ആഘോഷത്തിൽ അങ്ങേ മഹിമക്കായി ഞങ്ങളർപ്പിക്കുന്ന ഈ ബലി, ഞങ്ങൾക്കു രക്ഷാകരമായി ഭവിക്കുകയും അങ്ങേ കാരുണ്യത്തിൽ പ്രീതികരമാക്കിത്തീർക്കികയും ചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം — മത്താ 5, 8-9

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തന്നാൽ അവർ ദൈവത്തെ കാണും; സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

കർത്താവേ, ദിവ്യദാനങ്ങളാൽ പരിപോഷിതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. വിശുദ്ധ N. ന്റെ തിരുനാളിൽ കടപ്പെട്ട ശുശ്രൂഷകളിലൂടെ ഞങ്ങൾ ആഘോഷിക്കുന്നത് അങ്ങേ രക്ഷയുടെ വർധനയായി ഞങ്ങൾ അനുഭവിക്കുമാറാകട്ടെ. കർത്താവായ...

## II. ആശ്രമശ്രേഷ്ഠന്മാർക്കും സന്ന്യസ്തർക്കുംവേണ്ടി

## A. ആശ്രമശ്രേഷ്ഠൻ

### പ്രവേശകപ്രഭണിതം — Cf. സങ്കീ 91, 13-14

നീതിമാൻ പനപോലെ തഴയ്ക്കും, ലെബനോനിലെ ദേവദാരുപോലെ വളരും; കർത്താവിന്റെ ഭവനത്തിൽ നടപ്പെട്ട അവൻ നമ്മുടെ ദൈവഭവനത്തിന്റെ അങ്കണത്തിൽ തഴച്ചുവളരുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ സങ്കീ 36, 30-31

നീതിമാന്റെ അധരം ജ്ഞാനം സംസാരിക്കുന്നു; അവന്റെ നാവിൽനിന്ന് നീതി ഉതിരുന്നു. ദൈവത്തിന്റെ നിയമം അവന്റെ ഹൃദയത്തിൽത്തന്നെ കുടികൊള്ളുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ആശ്രമശ്രേഷ്ഠനായ വിശുദ്ധ N. വഴി സുവിശേഷ പരിപൂർണതയുടെ മാതൃക ഞങ്ങൾക്കു നല്കിയ കർത്താവേ, ഈ ലോകവ്യഗ്രതകളുടെ മധ്യേ പൂർണഹൃദയത്തോടെ സ്വർഗീയ കാര്യങ്ങളിൽ ഉറച്ചുനില്ക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, ആശ്രമശ്രേഷ്ഠനായ വിശുദ്ധ N. ഭക്തിതീക്ഷ്ണതയാൽ ജ്വലിക്കുന്നവനായിരുന്നുവല്ലോ. അതേ ഭക്തിതീക്ഷ്ണത അങ്ങേ അൾത്താരയെ സമീപിക്കുന്നവർക്കും നല്കണമേ. അങ്ങനെ, ശുദ്ധീകൃതമായ ഹൃദയത്തോടെയും സ്നേഹത്തിൽ ഉജ്ജ്വലിച്ചുകൊണ്ടും അങ്ങേക്കു ബലിയർപ്പിക്കാൻ ഞങ്ങൾ പ്രാപ്തരാകുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** Cf. ലൂക്കാ 12, 42

യഥാസമയം ആവശ്യമായ ഭക്ഷണം കൊടുക്കേണ്ടതിന് കർത്താവ് തന്റെ കുടുംബത്തിനുമേൽ നിയമിച്ചവൻ വിശ്വസ്തനും വിവേകിയുമായ ഭൃത്യനാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ മത്താ 23, 11

കർത്താവ് അരുൾചെയ്യുന്നു: നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, ഞങ്ങൾ സ്വീകരിച്ച ഈ കൂദാശയുടെ ശക്തിയാൽ ഞങ്ങളുടെ ഹൃദയങ്ങൾ നവീകരിക്കണമേ. അങ്ങനെ, ആശ്രമശ്രേഷഷ്ഠനായ വിശുദ്ധ N.ന്റെ മാതൃകയാൽ ഭൗമികകാര്യങ്ങളെക്കാളുപരിയായി സ്വർഗീയകാര്യങ്ങളെക്കുറിച്ചുള്ള അവബോധത്തോടെ അറിഞ്ഞുകൊണ്ട്, ക്രിസ്തുവിനോടൊപ്പം മഹത്ത്വത്തിൽ പ്രത്യക്ഷപ്പെടാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. എന്നെന്നും...

## B. സന്ന്യാസ ശ്രേഷ്ഠൻ

### പ്രവേശകപ്രഭണിതം

സഹോദരർ എവിടെ ഐക്യത്തിൽ ദൈവത്തെ പുകഴ്ത്തുന്നുവോ, അവിടെ കർത്താവ് അനുഗ്രഹം പ്രദാനംചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ Cf. സങ്കീ 70, 8.23

ഗാനം ആലപിക്കാൻ ഞാൻ പ്രാപ്തനാകേണ്ടതിന് എന്റെ അധരം അങ്ങേ സ്തുതികളാൽ നിറയട്ടെ; ഞാനങ്ങയെ പാടി സ്തുതിക്കുമ്പോൾ, എന്റെ നാവ് ആഹ്ലാദിച്ചുല്ലസിക്കും. (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, അങ്ങേ ദാസനായ വിശുദ്ധ N. നെ ക്രിസ്തുവിനെ അനുഗമിക്കാൻ കാരുണ്യപൂർവം അങ്ങ് വിളിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, ഞങ്ങളെത്തന്നെ പരിത്യജിച്ച്, പൂർണഹൃദയത്തോടെ അങ്ങയോട് ചേർന്നുനില്ക്കാനുള്ള പ്രാപ്തി നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ രക്ഷയ്ക്കുവേണ്ടി അർപ്പിക്കപ്പെട്ട ബലിവസ്തുക്കൾ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അതുവഴി, വിശുദ്ധ N. ന്റെ മാധ്യസ്ഥ്യത്താൽ, ഞങ്ങൾ പാപവശീകരണങ്ങളിൽനിന്ന് ഓടിയകലാനും സ്വർഗീയ സമൂഹത്തിലേക്ക് നടന്നടുക്കാനും പ്രാപ്തരാകുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം Cf. ലൂക്കാ 8, 15

സമ്പൂർണവും ഉത്കൃഷ്ടവുമായ ഹൃദയത്തിൽ ദൈവത്തിന്റെ വചനം പരിപാലിക്കുന്നവർ, ക്ഷമയോടെ ഫലം പുറപ്പെടുവിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ Cf.സങ്കീ 83, 5

കർത്താവേ, എന്നേക്കും അങ്ങയെ സ്തുതിച്ചുകൊണ്ട്, അങ്ങേ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

ഞങ്ങളുടെ ദൈവമായ കർത്താവേ, വിശുദ്ധ N. ന്റെ ആണ്ടുതോറുമുള്ള മാധ്യസ്ഥ്യത്താൽ സംരക്ഷിക്കപ്പെട്ട്, അങ്ങേ ജ്ഞാനത്തിന്റെ ഈ കൂദാശവഴി, സ്വസ്ഥമായ സംയമനത്തോടെ ജീവിക്കാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

## C. സന്ന്യാസിനി

### പ്രവേശകപ്രഭണിതം Cf. സങ്കീ 51, 10

ദൈവത്തിന്റെ ഭവനത്തിൽ തഴച്ചുവളരുന്ന ഒലിവുമരംപോലെയാണ് ഞാൻ, ദൈവത്തിന്റെ കാരുണ്യത്തിൽ ഞാൻ എന്നുമെന്നേക്കും ആശ്രയിക്കുന്നു (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ

ഞാൻ കാണുകയും സ്നേഹിക്കുകയും വിശ്വസിക്കുകയും ആനന്ദിക്കുകയും ചെയ്ത എന്റെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തെപ്രതി, ലോകത്തിന്റെ രാജ്യവും എല്ലാ ലൗകികാലങ്കാരങ്ങളും ഞാൻ നിന്ദ്യമായി കരുതി (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, എല്ലാറ്റിനുംമുമ്പേ, അങ്ങയെ അന്വേഷിക്കാൻ അങ്ങേ ദാസിയായ വിശുദ്ധ N. യെ അങ്ങ് വിളിച്ചുവല്ലോ. ഈ പുണ്യവതിയുടെ മാതൃകയാലും മാധ്യസ്ഥ്യത്താലും നിർമലവും വിനീതവുമായ ഹൃദയത്തോടെ അങ്ങയെ ശുശ്രൂഷിച്ചുകൊണ്ട്, അങ്ങേ നിത്യമഹത്ത്വത്തിൽ ഞങ്ങൾ എത്തിച്ചേരാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, നിത്യമായ വാഗ്ദാനങ്ങളിലുള്ള ഞങ്ങളുടെ പ്രത്യാശ കൈവെടിയാതിരിക്കാൻ ലൗകിക അടയാളങ്ങൾകൊണ്ട് അങ്ങ് ഞങ്ങളെ സമാശ്വസിപ്പിക്കുന്നുവല്ലോ. വിശുദ്ധ N.യുടെ സ്മരണ ആചരിച്ചുകൊണ്ട് വിശുദ്ധീകരിക്കപ്പെടേണ്ട ഞങ്ങളുടെ ഭക്തകാണിക്കകൾ അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **സങ്കീ 44, 2**

എന്റെ ഹൃദയത്തിൽ ഉദാത്തമായ വാക്ക് തുടിച്ചു നില്ക്കുന്നു. ഞാൻ എന്റെ പ്രവർത്തനങ്ങൾ രാജാവിനോട് പറയും (പെസഹാക്കാലത്ത്, അല്ലേലൂയാ)

അഥവാ **ലൂക്കാ 10, 42**

ഒന്നുമാത്രമേ ആവശ്യമുള്ളൂ. ഇവൾ നല്ലഭാഗം തെരഞ്ഞെടുത്തിരിക്കുന്നു, അത് അവളിൽനിന്ന് എടുക്കപ്പെടുകയില്ല (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

കർത്താവേ, രക്ഷാകരമായ സ്രോതസ്സാൽ നവീകൃതരായി, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, വിശുദ്ധ N. യുടെ മാധ്യസ്ഥ്യത്താൽ, ക്രിസ്തുവിനോട് ദിനംപ്രതി കൂടുതൽ ഗാഢമായി ഒന്നുചേർന്നുകൊണ്ട്, അവിടത്തെ കൃപയുടെ രാജ്യത്തിൽ പങ്കാളികളായിത്തീരാൻ ഞങ്ങൾ അർഹരാകുമാറാകട്ടെ. കർത്താവായ...

## D. സന്ന്യസ്തർ

### 1

**പ്രവേശകപ്രഭണിതം** **Cf. സങ്കീ 15, 5**

കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും; അങ്ങാണ് എന്റെ ഭാഗധേയം എനിക്ക് നല്കുന്നത് (പെസഹാക്കാലത്ത്, അല്ലേലൂയാ)

അഥവാ ഒരുസന്യാസിനി: **Cf. ഹോസി 2, 21-22**

എന്നേക്കുമായി വിശ്വാസത്തിലും കാരുണ്യത്തിലും കർത്താവ് അവളെ പരിഗ്രഹിച്ചു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## സമിതിപ്രാർഥന

ദൈവമേ, അങ്ങേ ദാനത്താൽ, ദരിദ്രനും വിനീതനുമായ ക്രിസ്തുവിനെ അനുകരിക്കാൻ വിശുദ്ധ N. അശ്രാന്തം പരിശ്രമിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ, ഞങ്ങളുടെ വിളിയിൽ വിശ്വസ്തതയോടെ ചരിച്ചുകൊണ്ട്, അങ്ങേ പുത്രനിൽ അങ്ങ് കാണിച്ചുതന്നിരിക്കുന്ന പരിപൂർണതയിലേക്ക് എത്തിച്ചേരാനുള്ള പ്രാപ്തി ഞങ്ങൾക്ക് നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കാരുണ്യവാനായ ദൈവമേ, വിശുദ്ധ N. ൽ, പഴയ മനുഷ്യനെ പരിത്യജിച്ച്, അങ്ങേ സാദൃശ്യത്തിൽ പുതിയമനുഷ്യനെ രൂപപ്പെടുത്താൻ അങ്ങ് തിരുവുള്ളമായല്ലോ. അതുപോലെ, ഞങ്ങളും നവീകൃതരായി, അങ്ങേക്ക് സ്വീകാര്യമായ പാപമോചനത്തിന്റെ ഈ ബലി അർപ്പിക്കാൻ കാരുണ്യപൂർവം ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം Cf. മത്താ 19, 27.29

സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: എല്ലാം ഉപേക്ഷിക്കുകയും എന്നെ അനുഗമിക്കുകയും ചെയ്യുന്ന നിങ്ങൾ നൂറിരട്ടി സ്വീകരിക്കുകയും നിത്യജീവൻ അവകാശമാക്കുകയും ചെയ്യും (പെസഹാക്കാലത്ത്, അല്ലേലൂയാ).

## അഥവാ, സന്ന്യാസിനിക്കുവേണ്ടി Cf. വിലാ 3, 24-25

കർത്താവാണ് എന്റെ ഓഹരി; അവിടത്തെ തേടുന്ന മാനസത്തിന് അവിടന്ന് നല്ലവനാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ഈ കൂദാശയുടെ ശക്തിവഴി, വിശുദ്ധ N. ന്റെ മാതൃകയാൽ, അങ്ങേ സ്നേഹത്തിൽ ഞങ്ങളെ നിരന്തരം നയിക്കുകയും, ഞങ്ങളിൽ അങ്ങ് സമാരംഭിച്ചിരിക്കുന്ന സത്കർമം യേശുക്രിസ്തുവിന്റെ ദിവസംവരെ പൂർത്തീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്നെന്നും...

## 2

### പ്രവേശകപ്രഭണിതം Cf. സങ്കീ 23, 5-6

കർത്താവിൽനിന്ന് അനുഗ്രഹവും തങ്ങളുടെ രക്ഷകനായ ദൈവത്തിൽനിന്ന് കാരുണ്യവും സ്വീകരിച്ചവരാണ് ഈ വിശുദ്ധർ; എന്തെന്നാൽ, കർത്താവിനെ അന്വേഷിക്കുന്നവരുടെ തലമുറയാകുന്നു ഇത് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ Cf. സങ്കീ 104, 3-4

കർത്താവിനെ അന്വേഷിക്കുന്നവരുടെ ഹൃദയം ആഹ്ലാദിക്കട്ടെ; കർത്താവിനെ അന്വേഷിക്കുകയും ശക്തിപ്പെടുകയും ചെയ്യുവിൻ, നിരന്തരം അവിടത്തെ മുഖം തേടുവിൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, ഈ യുഗത്തിൽ, പരിപൂർണ സ്നേഹത്തിന്റെ മാർഗത്തിലൂടെ അങ്ങേ രാജ്യം അന്വേഷിക്കാൻ വിശുദ്ധ N. നെ അങ്ങ് വിളിച്ചുവല്ലോ. അദ്ദേഹത്തിന്റെ മാധ്യസ്ഥ്യത്താൽ ശക്തിപ്രാപിച്ച്, സ്നേഹമാർഗത്തിൽ ആഹ്ലാദപൂർവം ഞങ്ങൾ മുന്നേറാൻ അനുഗ്രഹിക്കണമേ. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, വിശുദ്ധ N. ന്റെ സ്മരണയ്ക്കായി അങ്ങേ അൾത്താരയിൽ കൊണ്ടുവന്നിരിക്കുന്ന ഞങ്ങളുടെ ശുശ്രൂഷയുടെ ഈ കാണിക്കകൾ അങ്ങേക്ക് സ്വീകാര്യമാക്കിത്തീർക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഐഹിക പ്രതിബന്ധങ്ങളിൽനിന്ന് വിമുക്തരായി, ഞങ്ങളുടെ സർവസമ്പാദ്യവും അങ്ങുമാത്രമായിത്തീരാൻ ഇടയാക്കണമെന്ന് പ്രാർഥിക്കുന്നു. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം സങ്കീ 33, 9

കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ; അവിടന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ മത്താ 5, 3

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

### ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, ഈ കൂദാശയുടെ ചൈതന്യത്താൽ ശക്തിപ്രാപിച്ച ഞങ്ങൾ അങ്ങയോട് പ്രാർഥിക്കുന്നു. വിശുദ്ധ N. ന്റെ മാതൃകയാൽ എല്ലാറ്റിനുമുപരിയായി അങ്ങയെ നിരന്തരം തേടാനും ഈ യുഗത്തിൽ പുതിയ മനുഷ്യന്റെ രൂപം സംവഹിക്കാനുമുള്ള പരിശീലനം ഞങ്ങൾ നേടുമാറാകട്ടെ. കർത്താവായ...

## III. കാരുണ്യപ്രവർത്തനം നിർവഹിച്ചവർ

പ്രവേശകപ്രഭണിതം Cf. മത്താ 25, 34.36.40

കർത്താവ് അരുൾചെയ്യുന്നു: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവനു നിങ്ങളിതു ചെയ്തപ്പോൾ എനിക്കു തന്നെയാണ് നിങ്ങൾ ചെയ്തത് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ സങ്കീ 111, 9

അവൻ ദരിദ്രർക്ക് ഉദാരമായി ദാനംചെയ്യുന്നു; അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു, അവന്റെ പ്രതാപം മഹത്വത്തിൽ ഉയർത്തപ്പെടും (പെസഹാക്കാലത്ത്, അല്ലേലൂയാ).

### സമിതിപ്രാർഥന

ദൈവമേ, സർവശക്തനായ അങ്ങയോടും അയല്ക്കരോടുമുള്ള സ്നേഹത്തിലൂടെ സ്വർഗീയ കല്പനകളെല്ലാം പാലിക്കാൻ അങ്ങേ സഭയെ അങ്ങ് പഠിപ്പിച്ചുവല്ലോ. വിശുദ്ധ N. ന്റെ മാതൃകയാൽ, പരസ്നേഹ പ്രവൃത്തികൾ ചെയ്തുകൊണ്ട്, അങ്ങേ രാജ്യത്തിൽ ഭാഗ്യപ്പെട്ടവരോടുകൂടെ എണ്ണപ്പെടാനുള്ള അർഹത ഞങ്ങൾക്ക് നല്കണമേ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ കാണിക്കകൾ സ്വീകരിക്കണമേ. അങ്ങേ പുത്രന്റെ നിസ്സീമമായ സ്നേഹത്തിന്റെ പ്രവൃത്തി ആഘോഷിക്കുന്ന ഞങ്ങൾ, വിശുദ്ധ N. ന്റെ മാതൃകയാൽ, അങ്ങയോടും അയല്ക്കാരനോടുമുള്ള സ്നേഹത്തിൽ സ്ഥിരീകരിക്കപ്പെടാൻ അനുഗ്രഹിക്കണമേ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — Cf. യോഹ 15, 13

തന്റെ സ്നേഹിതർക്കുവേണ്ടി തന്റെ ജീവനർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ — Cf. യോഹ 13, 35

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, ദിവ്യരഹസ്യങ്ങളാൽ നവീകൃതരായി, അക്ഷീണമായ ഭക്തിയോടെ അങ്ങയെ വണങ്ങുകയും നിസ്സീമമായ സ്നേഹത്തോടെ അങ്ങേ ജനത്തെ സേവിക്കുകയും ചെയ്ത വിശുദ്ധ N. ന്റെ മാതൃക അനുകരിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ...

അഥവാ

കർത്താവേ, രക്ഷാകരമായ കൂദാശയുടെ മാധുര്യത്താൽ പരിപോഷിതരായി, അങ്ങേ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. അങ്ങനെ, വിശുദ്ധ N. ന്റെ സ്നേഹം അനുകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മഹത്ത്വത്തിലും ഞങ്ങൾ പങ്കാളികളായിത്തീരുമാറാകട്ടെ. കർത്താവായ...

## IV. അധ്യാപകർ

**പ്രവേശകപ്രഭണിതം** **Cf. മർക്കോ 10, 14**

കർത്താവ് അരുൾചെയ്യുന്നു: ശിശുക്കൾ എന്റെയടുത്തുവരാൻ അനുവദിക്കുവിൻ, അവരെ തടയരുത്; എന്തെന്നാൽ, ദൈവരാജ്യം അവരെപ്പോലെയുള്ളവരുടേതാണ് (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ **Cf. മത്താ 5, 19**

കർത്താവ് അരുൾചെയ്യുന്നു: കർത്താവിന്റെപ്രമാണങ്ങൾ അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവനെന്ന് വിളിക്കപ്പെടും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ദൈവമേ, രക്ഷയുടെ മാർഗം സഹോദരർക്കു കാണിച്ചു കൊടുക്കാനായി, വിശുദ്ധ N. നെ അങ്ങേ സഭയിൽ അങ്ങ് ഉയർത്തിയല്ലോ. അദ്ദേഹത്തിന്റെ മാതൃകയാൽ, ഗുരുനാഥനായ ക്രിസ്തുവിനെ അനുഗമനംചെയ്ത്, ഞങ്ങളുടെ സഹോദരങ്ങളോടുകൂടെ അങ്ങിലേക്ക് എത്തിച്ചേരാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങയോടുകൂടെ...

**നൈവേദ്യപ്രാർഥന**

കർത്താവേ, വിശുദ്ധരുടെ സ്മരണയ്ക്കായി, അങ്ങേക്ക് പ്രതിഷ്ഠിതരായിരിക്കുന്ന ജനത്തിന്റെ അർപ്പണം അങ്ങേക്ക് സ്വീകാര്യമായിത്തീരട്ടെയെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ഈ രഹസ്യത്തിലുള്ള പങ്കാളിത്തത്താൽ, അങ്ങേ സ്നേഹത്തിന്റെ മാതൃക ഞങ്ങൾ പ്രതിഫലിപ്പിക്കുമാറാകട്ടെ. കർത്താവായ...

**ദിവ്യഭോജനപ്രഭണിതം** **മത്താ 18, 3**

കർത്താവ് അരുൾചെയ്യുന്നു: നിങ്ങൾ മാനസാന്തരപ്പെട്ട്, ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ, സ്വർഗരാജ്യത്ത് പ്രവേശിക്കുകയില്ല (പെസഹാക്കാലത്ത്, അല്ലേലൂയാ).

അഥവാ യോഹ 8, 12

കർത്താവ് അരുൾചെയ്യുന്നു: എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല; എന്നാൽ, അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും (പെസഹാക്കാലത്ത്, അല്ലേലൂയാ).

**ദിവ്യഭോജനപ്രാർഥന**

സർവശക്തനായ ദൈവമേ, ഈ ദിവ്യഭോജനം ഞങ്ങൾക്ക് സഹായം പ്രദാനം ചെയ്യട്ടെ. അങ്ങനെ, വിശുദ്ധ N. ന്റെ മാതൃകയാൽ, സഹോദരസ്നേഹവും സത്യപ്രകാശവും ഞങ്ങളുടെ ഹൃദയത്തിലും പ്രവൃത്തിയിലും ഞങ്ങൾ പ്രകടിപ്പിക്കുമാറാകട്ടെ. കർത്താവായ...

## V. പുണ്യവതികൾ

പുണ്യവതികളായ രക്തസാക്ഷിണികൾ, pp കാണുക

**പ്രവേശകപ്രഭണിതം** Cf. സുഭാ 31, 30.28

കർത്താവിനെ ഭയപ്പെടുന്ന സ്ത്രീ പ്രകീർത്തിക്കപ്പെടും, അവളുടെ സന്താനങ്ങൾ അവളെ ഏറ്റവും ഭാഗ്യവതിയെന്നു വിളിക്കുന്നു, അവളുടെ ഭർത്താവ് അവളെ പ്രശംസിക്കുന്നു. (പെസഹാക്കാലത്ത്, അല്ലേലൂയാ)

അഥവാ Cf. സുഭാ 31, 20.27

തന്റെ കരം അവൾ ആവശ്യക്കാർക്കുവേണ്ടി തുറക്കുകയും തന്റെ കൈകൾ അവൾ ദരിദ്രർക്കുവേണ്ടി നീട്ടുകയും ചെയ്യുന്നു; അലസതയുടെ അപ്പം അവൾ ഭക്ഷിക്കുന്നില്ല. (പെസഹാക്കാലത്ത്, അല്ലേലൂയാ).

**സമിതിപ്രാർഥന**

ദൈവമേ, വിശുദ്ധ N. യുടെ ആണ്ടുതോറുമുള്ള തിരുനാളിൽ അങ്ങ് ഞങ്ങളെ സന്തോഷിപ്പിക്കുന്നുവല്ലോ. തിരുക്കർമങ്ങളിലൂടെ ഈ വിശുദ്ധയെ വണങ്ങുന്ന ഞങ്ങൾ, അവളുടെ പുണ്യജീവിത മാതൃക പിഞ്ചെല്ലാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ ...

### അഥവാ, ഒന്നിലധികംപേർക്കുവേണ്ടി

സർവശക്തനായ ദൈവമേ, വിശുദ്ധ N. യുടെയും വിശുദ്ധ N. യുടെയും വിസ്മയനീയമായ ജീവിതം എല്ലാവർക്കും രക്ഷാകരമായ മാതൃക പ്രദാനം ചെയ്യുന്നുവല്ലോ. ആദരണീയമായ മാധ്യസ്ഥ്യവും ഞങ്ങൾക്കു സ്വർഗീയ സഹായവും നല്കാൻ കനിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങയോടുകൂടെ...

### നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങയോട് ഞങ്ങൾ കേണപേക്ഷിച്ചുകൊണ്ട് വിശുദ്ധ N. യുടെ സ്മരണയ്ക്കായി, ഈ കാഴ്ചദ്രവ്യങ്ങൾ അങ്ങേക്ക് ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങനെ, അവ ഞങ്ങൾക്ക് ഒന്നുപോലെ പാപമോചനവും രക്ഷയും പ്രദാനംചെയ്യുമാറാകട്ടെ. കർത്താവായ...

### ദിവ്യഭോജനപ്രഭണിതം Cf. മത്താ 13, 45.46

സ്വർഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിക്കു തുല്യമാണ്; അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ, തനിക്കുള്ളതെല്ലാം വിറ്റ് അതുവാങ്ങുന്നു. (പെസഹാക്കാലത്ത്, അല്ലേലൂയാ)

### ദിവ്യഭോജനപ്രാർഥന

സർവശക്തനായ ദൈവമേ, വിശുദ്ധ N. യുടെ ഈ തിരുനാളിൽ, ദിവ്യകൂദാശയുടെ പ്രവർത്തനം ഞങ്ങളെ ഒന്നുപോലെ പ്രകാശിപ്പിക്കുകയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യട്ടെ. അങ്ങനെ, ഞങ്ങൾ ദിവ്യാഭിലാഷങ്ങളാൽ സദാ ഉജ്ജ്വലിക്കുകയും സത്പ്രവൃത്തികളാൽ സമ്പന്നരാക്കുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## 2

### പ്രവേശകപ്രഭണിതം Cf. സുഭാ 14, 1-2

ഇതാ, ബുദ്ധിമതിയായ സ്ത്രീ! ഇവൾ തന്റെ ഭവനം പണിയുകയും കർത്താവിനെ ഭയപ്പെട്ടുകൊണ്ട് നേരായ വഴിയിൽ നടക്കുകയും ചെയ്തു (പെസഹാക്കാലത്ത്, അല്ലേലൂയാ).

## സമിതി പ്രാർഥന

വിനീതരെ ഉയർത്തുന്ന ദൈവമേ, വിശുദ്ധ N. സ്നേഹത്തിന്റെയും ക്ഷമയുടെയും പരിവേഷത്താൽ നിസ്തുലയാകാൻ അങ്ങ് തിരുവുള്ളമായല്ലോ. ഈ പുണ്യവതിയുടെ പുണ്യയോഗ്യതകളാലും മാധ്യസ്ഥ്യത്താലും ഞങ്ങളുടെ കുരിശ് നിരന്തരം വഹിച്ചുകൊണ്ട്, അങ്ങയെ നിരന്തരം സ്നേഹിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങയോടുകൂടെ ...

### അഥവാ

കർത്താവേ, അങ്ങേ ദാസിയായ വിശുദ്ധ N. ൽ അങ്ങ് നിറച്ച അങ്ങേ ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും ചൈതന്യം ഞങ്ങളുടെമേലും ചൊരിയണമേ. അങ്ങനെ, ഈ പുണ്യവതിയുടെ ശുഷ്കാന്തിയോടെയുള്ള അനുകരണത്താൽ, അങ്ങേക്ക് ആത്മാർഥ സേവനം ചെയ്തുകൊണ്ട്, വിശ്വാസത്താലും പ്രവൃത്തിയാലും അങ്ങയെ ഞങ്ങൾ പ്രസാദിപ്പിക്കുമാറാകട്ടെ. അങ്ങയോടുകൂടെ...

## നൈവേദ്യപ്രാർഥന

കർത്താവേ, അങ്ങേ ജനത്തിന്റെ കാഴ്ചദ്രവ്യങ്ങൾ കടാക്ഷിക്കണമേ. വിശുദ്ധ N. യുടെ ബഹുമാനാർഥം ഭക്തിപൂർവം ആഘോഷിക്കുന്ന ഈ കാണിക്കകൾ അവരുടെ രക്ഷയ്ക്കുപകരിക്കുന്നതായി അവർക്ക് അനുഭവപ്പെടുകയും ചെയ്യുമാറാകട്ടെ. കർത്താവായ...

## ദിവ്യഭോജനപ്രഭണിതം — മത്താ 12,50

കർത്താവ് അരുൾചെയ്യുന്നു: സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും. (പെസഹാക്കാലത്ത്, അല്ലേലൂയാ).

## ദിവ്യഭോജനപ്രാർഥന

കർത്താവേ, വിശുദ്ധ N. യുടെ തിരുനാളിൽ ഞങ്ങൾ സ്വീകരിച്ച അങ്ങേ ദാനങ്ങളാൽ സംപൂരിതരായി ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, അവയുടെ ഫലങ്ങളാൽ ഞങ്ങൾ ശുദ്ധീകരിക്കപ്പെടുകയും അവയുടെ സഹായത്താൽ ഞങ്ങൾ ശക്തിപ്പെടുകയും ചെയ്യാൻ അനുഗ്രഹിക്കണമേ. കർത്താവായ ...